بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 11

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 മെയ് 19/ഹി:ശം:1395 ഹിജ്റത്ത് 19/ഹി:ഖ: 1437 ശഅ്ബാൻ 11


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 ഏപ്രിൽ 15ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ ഞാനുമായി മുബാഹല നടത്താൻ ചിരാഗ്ദീൻ രേഖ തയ്യാറാക്കിയിരുന്നു. എന്റേയും അയാളുടേയും പേരെടുത്തെഴുതിക്കൊണ്ട് അല്ലാഹുവിനോട് അയാൾ ദുആ ചെയ്തു; ഞങ്ങളിരുവരിൽ ആരാണോ കളവ് പറയുന്നത് അയാൾ നശിക്കട്ടെ. അല്ലാഹുവിന്റെ ശക്തി നോക്കുക! ആ രേഖ എഴുത്തുകാരന്റെ കൈയിലെത്തി അയാൾ എഴുതാൻ തുടങ്ങിയതേയുള്ളൂ, ചിരാഗ്ദീൻ തന്റെ പുത്രന്മാരോടൊപ്പം അതേ ദിവസംതന്നെ എന്നെന്നേക്കുമായി യാത്രയായി. ഫഅ്ത്തബിറൂ യാ ഉലിൽഅബ്സ്വാർ**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"എന്റെ ശിഷ്യനായിരുന്ന ചിരാഗ്ദീൻ ജമ്മൂനി മുർത്തദ്ദായപ്പോൾ അഥവാ പുറത്തുപോയപ്പോൾ നമ്മുടെ എതിരാളികൾക്ക് സന്തോഷിക്കാനുള്ള മറ്റൊരു അവസരം കൈവന്നു. അയാൾ നമ്മുടെ ജമാഅത്തിൽനിന്ന് പുറത്ത് പോയതിനുശേഷം അല്ലാഹുവിൽനിന്നുള്ള അറിയിപ്പ് പ്രകാരം, അല്ലാഹുവിന്റെ കോപത്തിന്നിരയായിട്ടായിരിക്കും അയാൾ നശിക്കുകയെന്ന് ഞാനെന്റെ ദാഫിഉൽ ബലാഅ് വ മിഅ്യാരെ അഹ്ലുൽ ഇസ്തിഫാ എന്ന ചെറുഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ചില മൗലവിമാർ എന്നോടുള്ള പിടിവാശി ഒന്നുകൊണ്ടുമാത്രം അയാളോടു കൂട്ടുകൂടി. അങ്ങനെ അയാളൊരു ഗ്രന്ഥമെഴുതി. അതിന് മിനാരത്തുൽമസീഹെന്ന് പേരുവെച്ചു. അതിൽ ഞാൻ ദജ്ജാലാണെന്ന് അയാളെഴുതി. തന്റെ ഇൽഹാമുകളും പ്രസിദ്ധപ്പെടുത്തി. അയാൾ പറഞ്ഞു: "ഞാൻ റസൂലാണ്. അല്ലാഹുവിന്റെ മുർസലിംകളിൽ ഒരു മുർസലാണ്. ഈ ദജ്ജാലിനെ (എന്നെ) വധിക്കുന്നതിനായി ഹദ്റത്ത് ഈസാ എനിക്കൊരു വടി തന്നിരിക്കുന്നു." ഞാൻ ദജ്ജാലാണെന്നും അയാളുടെ കൈയാൽ ഞാൻ നശിക്കുമെന്നുമുള്ള വിവരണമാണ് മിനാരത്തുൽമസീഹ് എന്ന ഗ്രന്ഥത്തിന്റെ പകുതിഭാഗവും. ഈ വാർത്ത തനിക്ക് അല്ലാഹുവും ഈസായും നൽകിയിരിക്കുന്നുവെന്നു അയാളെഴുതി. അതിന്റെ പര്യവസാനമെന്താണെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. ഈ വ്യക്തി 1906 ഏപ്രിൽ നാലാം തിയതി തന്റെ രണ്ടു പുത്രന്മാരോടൊപ്പം പ്ലേഗിന്നിരയായിക്കൊണ്ട് എന്റെ പ്രവചനത്തിന്റെ സാക്ഷിയായി. ദയനീയമായി അയാൾക്ക് ജീവൻ ഉപേക്ഷിക്കേണ്ടി വന്നു. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ ഞാനുമായി മുബാഹല നടത്താൻ അയാളൊരു രേഖ തയ്യാറാക്കിയിരുന്നു. എന്റേയും അയാളുടേയും പേരെടുത്തെഴുതിക്കൊണ്ട് അല്ലാഹുവിനോട് അയാൾ ദുആ ചെയ്തു; ഞങ്ങളിരുവരിൽ ആരാണോ കളവ് പറയുന്നത് അയാൾ നശിക്കട്ടെ! അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക. ആ രേഖ എഴുത്തുകാരന്റെ കൈയിലെത്തി അയാൾ എഴുതാൻ തുടങ്ങിയതേയുള്ളൂ, ചിരാഗ്ദീൻ തന്റെ പുത്രന്മാരോടൊപ്പം അതേ ദിവസം തന്നെ എന്നെന്നേക്കുമായി യാത്രയായി. ഫഅ്ത്തബിറൂ യാ ഉലിൽഅബ്സ്വാർ അതുകൊണ്ട് കണ്ണുള്ളവരെ നിങ്ങൾ പാഠം പഠിച്ചുകൊള്ളുക. ഇവരാണ് എന്നെ ദജ്ജാലെന്ന് പറയുന്ന എന്റെ എതിരാളികളായ ഇൽഹാമുവാദികൾ. അത്തരക്കാരുടെ പര്യവസാനം ആരുംതന്നെ ചിന്തിക്കുന്നില്ല. മുർത്തദ്ദായിപ്പോയ ചിരാഗ്ദീന്റെ കൂടെനിന്നിട്ടും ഹദ്റാത്ത് മൗലവി സാഹിബുമാർക്ക് തങ്ങളുടെ ലക്ഷ്യം പ്രാപിക്കാനായില്ല.

ഇതിനുശേഷമാണ് മറ്റൊരു ചിരാഗ്ദീൻ ജന്മമെടുത്തത്; ഡോക്ടർ അബ്ദുൽ ഹക്കീംഖാൻ! ഇയാളും എന്നെ ദജ്ജാലെന്നാണ് കണക്കാക്കുന്നത്. ചിരാഗ്ദീനെപ്പോലെ മുർസലിംകളിൽപ്പെട്ടയാളാണ് താനെന്ന് അയാൾ ഗണിക്കുന്നു. എന്നാൽ, ചിരാഗ്ദീന് കൊടുത്തതുപോലെ എന്നെ വധിക്കാൻ ഇയാൾക്കും ഹദ്റത്ത് ഈസാ(അ) വടി കൊടുത്തിട്ടുണ്ടോ എന്നറിവായിട്ടില്ല. *അഹങ്കാരത്തിലും പൊങ്ങച്ചത്തിലും ആദ്യത്തെ ചിരാഗ്ദീനെ കവച്ചുവെക്കുന്ന ആളാണ് ഇയാൾ.

ചീത്ത പറയുന്നതിലും ഒട്ടും പിന്നിലല്ല. വഞ്ചനയിൽ അയാളെക്കാൾ മികച്ച ചുവടാണ്. അഹങ്കാര പ്രകൃതിയുള്ള ഈ ഒരു പിടിമണ്ണ് ജമാഅത്തിൽനിന്ന് പുറത്തു പോയപ്പോഴും നമ്മുടെ എതിർ മൗലവിമാർക്ക് ഒരു ഖജനാവ് കിട്ടിയതുപോലെ വളരെ സന്തോഷമുണ്ടായി. എന്നാൽ,ഇവർ ഇത്രമാത്രം സന്തോഷിക്കാൻ പാടില്ലാത്തതാണ്. ആദ്യത്തെ ചിരാഗ്ദീനെ ഓർത്തുനോക്കുക. അവർ ആഗ്രഹിക്കുന്ന സന്തോഷം നൽകാതെ എപ്പോഴും അവരെ പരാജയപ്പെടുത്തിയിട്ടുള്ള ആ അല്ലാഹു ഇപ്പോഴുമുണ്ട്. ഏതു പോലെ ചിരാഗ്ദീന്റെ അന്ത്യത്തെ സംബന്ധിച്ച് മുൻകൂട്ടി എന്നെ അറിയിച്ചിരുന്നുവോ അതുപോലെ കാര്യങ്ങളെല്ലാം നല്ലവണ്ണം അറിയുന്നതായ ആ അല്ലാഹു ഈ രണ്ടാമത്തെ ചിരാഗ്ദീൻ അതായത് അബ്ദുൽ ഹക്കീംഖാന്റെ അന്ത്യത്തെ സംബന്ധിച്ചും കാലേകൂട്ടി എന്നെ അറിയിച്ചിട്ടുണ്ട്. അപ്പോൾ ഇവർക്ക് സന്തോഷിക്കാനുള്ള അവസരം എവിടെ? അല്പം ക്ഷമ കൈക്കൊള്ളുക. പര്യവസാനം നോക്കുക. അജ്ഞനായ ഒരാൾ പുറത്തുപോയതുകൊണ്ടു ഇത്രമാത്രം സന്തോഷിക്കനെന്തിരിക്കുന്നു. നമ്മുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്. നിർഭാഗ്യം കൊണ്ട് ആരെങ്കിലും പുറത്തുപോയാൽ ആ സ്ഥാനത്തേക്ക് ആയിരങ്ങൾ പ്രവഹിക്കുന്നു.

ആരെങ്കിലും മുർത്തദ്ദായിപ്പോയാൽ അയാൾ ഏതൊരു പ്രസ്ഥാനത്തിൽനിന്നാണോ മുർത്തദ്ദായിപ്പോയത് ആ പ്രസ്ഥാനം സത്യമല്ലാതാകുന്നതെങ്ങനെ? ഹദ്റത്ത് മൂസാ (അ) യുടെ കാലത്ത് പല ദുഷ്ടന്മാരും മുർത്തദ്ദായിപ്പോയത് നമ്മുടെ എതിർ പണ്ഡിതന്മാർക്ക് അറിയില്ലേ? പിന്നീട് ഈസാ(അ)യുടെ സംഘത്തിൽനിന്നും പലരും മുർത്തദ്ദായി. പല ദുഷ്ടന്മാരും നിർഭാഗ്യവാന്മാരും നമ്മുടെ നബി(സ)യുടെ കാലത്ത് ദീൻ വെടിഞ്ഞുപോയിട്ടുണ്ട്. മുസയ്ലിമത്തുൽ കദ്ദാബും മുർത്തദ്ദായിപ്പോയവരിൽപ്പെട്ട ആളായിരുന്നു. അതുകൊണ്ട് അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദായിപ്പോയതിൽ സന്തോഷിക്കുന്നതും അത് ഈ സത്യജമാഅത്ത് സത്യമല്ലെന്നതിന് തെളിവായിക്കരുതുന്നതും വിഡ്ഢിത്തമാണ്. അതെ, ഈ ആളുകൾ കുറച്ചു ദിവസത്തേയ്ക്ക് വ്യാജസന്തോഷത്തിന് കാരണക്കാരാകുകതന്നെ ചെയ്യുന്നു. എന്നാൽ, ആ സന്തോഷം പെട്ടെന്നാണ് മാഞ്ഞുപോകുന്നത്. ഒരാൾ എന്റെ മസീഹ് മൗഊദ് വാദത്തെ നിഷേധിച്ചപ്പോൾ ആ നിഷേധി പ്ലേഗ് പിടിപ്പെട്ടു മരിക്കുമെന്ന് സ്വപ്നത്തിലൂടെ കാണിച്ചുകൊടുക്കുകയും അങ്ങനെ അയാൾ പ്ലേഗിന്നിരയായി മരിക്കുകയും ചെയ്തുവെന്നു തന്റെ ഗ്രന്ഥത്തിൽ എന്റെ പേരെഴുതി രേഖപ്പെടുത്തിയ അതേ അബ്ദുൽ ഹക്കീം ഖാൻ തന്നെയാണിത്. എന്നിട്ടിപ്പോൾ അശേഷം ലജ്ജായില്ലാതെ സ്വയം മുർത്തദ്ദായി ചീത്ത പറയുകയും കഠിനമായി നിന്ദിക്കുകയും അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുന്നു. എന്ത്! പ്ലേഗിന്റെ കാലം ഇവിടന്ന് പോയോ?!"

---

*ഹദ്റത്ത് ഈസാ എന്നെ കൊല്ലുന്നതിനുവേണ്ടി ചിരാഗ്ദീന് വടികൊടുത്തിരുന്നു. ഈ ദ്വേഷവും ഈ കോപവും എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ മനസ്സിൽ തിളച്ചുപൊന്തിയതെന്ന് അറിയില്ല. അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്ന് ലോകത്ത് ഞാൻ പ്രസിദ്ധീകരിച്ചതുകൊണ്ടാണ് വെറുപ്പുണ്ടായിട്ടുള്ളതെങ്കിൽ ഇത് അദ്ദേഹത്തിന്റെ തെറ്റാണ്. ഇത് ഞാനല്ല പ്രസിദ്ധീകരിച്ചത് മറിച്ച് അവനാണ് പ്രസിദ്ധീകരിച്ചത്. അവന്റെ സൃഷ്ടികൾ നമ്മളെപ്പോലെ ഹദ്റത്ത് ഈസായുമാണ്. സംശയമുണ്ടെങ്കിൽ ഈ ആയത്ത് നോക്കുക. മാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ (3:145)ഇപ്രകാരംതന്നെ ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം(5:118) അത്ഭുതം അതല്ല! ആർക്കാണോ എന്നെ ഉന്മൂലനംചെയ്യുന്നതിനുവേണ്ടി വടി നല്കിയത് അയാൾ സ്വയം നാശമടയുന്നു. ഇത് നല്ല വടിതന്നെ. രണ്ടാമത്തെ ചിരാഗ്ദീനും അതായത് അബ് ദുൽഹക്കീം ഖാനും എന്റെ മരണത്തെ കുറിച്ച് എന്തോ പ്രവചനം ആദ്യത്തെ ചിരാഗ്ദീനെപോലെ ചെയ്തിട്ടുണ്ടെന്ന് കേട്ടു. എന്നാൽ, അതിൽ വടിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നറിയില്ല. (ഹഖീഖത്തുൽ വഹ്‌യ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 126-127)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ബ്രിട്ടൺ അഹ്മദിയ്യ ജമാത്തിന്റെ 13-ാമത് വാർഷിക സമാധാന സമ്മേളത്തിൽ അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ മഹനീയ സാന്നിധ്യം. ഇസ്‌ലാമിന്റെ മനോഹരവും അതുല്യവുമായ അധ്യാപനമനുസരിച്ച് ലോകത്ത് സമാധാനസംസ്ഥാപനത്തെ കുറിച്ച് പ്രഭാഷണം

**(റിപ്പോർട്ട്: ഹാഫിള് മുഹമ്മദ് സഫ്റുല്ലാഹ് ആജിസ്, അൽഫള്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 22 പേജ് 2.12)**

2016 മാർച്ച് 19ന് വൈകുന്നേരം ബയ്ത്തുൽ ഫുതൂഹിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.കെ. യുടെ ആഭിമുഖ്യത്തിൽ പതിമൂന്നാം പീസ് കോൺഫറൻസ് സംഘടിപ്പിക്കുകയുണ്ടായി. സ്‌റ്റേറ്റ് സെക്രട്ടറിമാർ, പാർലമെന്റ് മെമ്പർമാർ, മന്ത്രിമാർ, മുപ്പതിലധികം രാജ്യങ്ങളിലെ അംബാസിഡർമാർ, പത്രപ്രവർത്തകർ, വിദ്യാഭ്യാസ മേഖലകളിലെ വിവിധ വകുപ്പുകളുടെ വിദഗ്ധർ, ചിന്തകന്മാർ, സർക്കാർ ഉദ്യോഗസ്ഥർ, മേയർമാർ, വിവിധ മതങ്ങളിലും ആതുരസേവനരംഗങ്ങളിലുംപ്രവർത്തിക്കുന്നജീവിതത്തിലെവിവിധ മേഖലകളിൽ നിന്നുള്ള അഹ്മദികളും അനഹ്മദികളും അമുസ്‌ലിംകളും കൂടാതെ സ്ത്രീകളും ഈ പരിപാടിയിൽ പങ്കെടുത്തു. മസ്ജിദിലെത്തി രജിസ്ട്രേഷനു ശേഷം അതിഥികളെ ഹാളിലേക്ക് കൊണ്ടു പോവുകയാണ് പതിവ്. ആ സന്ദർഭത്തിൽ ചില അതിഥികൾക്ക് ബയ്ത്തുൽ ഫുതൂഹിന്റെ ചില ഭാഗങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തു.

പരിപാടിയുടെ അവസാനം അമീറുൽമുഅ്മിനീൻ ഡൈസിനടുത്ത് വരുകയും ബിസ്മില്ലാഹി റഹ്മാനിർറഹീം എന്നു ചൊല്ലി അതിന്റെ ഇംഗ്ലീഷ് തർജമ കേൾപിച്ചുകൊണ്ട് അധ്യക്ഷ പ്രഭാഷണം ആരംഭിക്കുകയും ചെയ്തു. സദസ്സിൽ സന്നിഹിതരായവർക്ക് ഖലീഫ തിരുമനസ്സ് സലാം പറയുകയും പരിപാടിയിൽ പങ്കെടുത്തതിനു നന്ദിരേഖപ്പെടുത്തുകയും ചെയ്തു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾ ഈ കോൺഫറൻസിൽ പങ്കെടുക്കുക എന്നത് അഭിനന്ദനാർഹമാണ്. എന്തെന്നാൽ, ഇക്കാലത്ത് വിവിധ തീവ്രവാദ സംഘടനകൾ ഇസ്‌ലാമിന്റെ പേരിൽ അങ്ങേയറ്റം വേദനാജനകമായ ദുഷ്കൃത്യം ചെയ്തുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരനാമത്തെ അവഹേളിച്ചിരിക്കുകയാണ്. 2015 നവംബറിൽ ഉണ്ടായ പാരീസ് ആക്രമണത്തേയും മറ്റു രാജ്യങ്ങളിലുണ്ടായ ഭീകരാക്രമണത്തേയും പരാമർശിച്ചു കൊണ്ട് അമീറുൽമുഅ്മിനീൻ പറഞ്ഞു: പ്രധാനകേന്ദ്രങ്ങളേയും പൊതുസ്ഥലങ്ങളേയും ലക്ഷ്യം വച്ചുകൊണ്ട് ഇസ്‌ലാമിക് സ്‌റ്റേറ്റ് ഇവിടെ ബ്രിട്ടണിൽ ആക്രമണം നടത്താനുള്ള കിരാതമായ ഗൂഢതന്ത്രങ്ങൾ മെനയുകയായിരുന്നുവെന്ന് ബ്രിട്ടണിലെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ഈയിടെ പറയുകയുണ്ടായി. അമീറുൽമുഅ്മിനീൻ പറഞ്ഞു: കഴിഞ്ഞ വർഷം യൂറോപ്പിൽ അപ്രതീക്ഷിതമായി ഉണ്ടായ അഭയാർഥിപ്രവാഹത്തെ ഇവിടത്തെ നിവാസികളധികവും ഭയത്തോടും ആശങ്കയോടും ആവലാതിയോടും ആശയകുഴപ്പത്തോടും കൂടിയാണ് നോക്കിക്കാണുന്നത്. ഇത്തരം സാഹചര്യത്തിൽ അമുസ്‌ലീംകളായ നിങ്ങൾ മുസ്‌ലിംകൾ സംഘടിപ്പിച്ചിരിക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കുകയെന്നത് നിങ്ങളുടെ ധൈര്യവും സഹിഷ്ണുതയും വിശാലമനസ്കതയുമാണ് തെളിയിച്ചു കാണിക്കുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങളെ ഭയപ്പെടേണ്ടതില്ലെന്നത് ഒരു പരമാർഥമാണ്. ചിലർ ഇസ്‌ലാമിനെ അത് ഭീകരതയുടെ മതമായും ചാവേർ ആക്രമണങ്ങൾക്കും തീവ്രവാദത്തിനും അനുവാദം നല്കുന്നതായും മനസ്സിലാക്കുന്നു. എന്നാൽ, വാസ്തവത്തിൽ സത്യം അതല്ല. ഈയിടെ ഒരു പ്രശസ്ത എഴുത്തുകാരൻ വർധിച്ചു വരുന്ന ഇസ്‌ലാമോഫോബിയ പ്രവണതയെക്കുറിച്ച് ഒരു പത്രത്തിൽ ആർട്ടിക്കിൾ എഴുതുകയുണ്ടായി. ഇസ്‌ലാം വന്നിട്ട് 1300 വർഷമായെങ്കിലും 1980 കളിലാണ് ആദ്യമായി ചാവേർ ആക്രമണമുണ്ടായതെന്ന് അദ്ദേഹം അതിൽ എഴുതി. ചാവേർ ആക്രമണം ഇസ്‌ലാമിൽ അനുവദനീയമായിരുന്നെങ്കിൽ അതിന്റെ ചലനങ്ങൾ 1300 വർഷം മുമ്പേ തുടങ്ങുകയും ഇസ്‌ലാമിക ചരിത്രത്തിൽ അത്തരം സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കുകയും ചെയ്യുമായിരുന്നു എന്ന നിഗമന ത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. വളരെ യുക്തിസഹമായും അനുയോജ്യമായ രീതിയിലുമാണ് അദ്ദേഹം അത് അവതരിപ്പിച്ചതെന്ന് അമീറുൽ മുഅ്മിനീൻ പറയുകയുണ്ടായി. ഇക്കാലത്ത് കണ്ടുപിടിക്കപ്പെട്ട ഒരു തിന്മയാണ് ഈ ചാവേർ ആക്രമണം. അതിന് ഇസ്‌ലാമുമായി പുലബന്ധം പോലുമില്ല. എല്ലാവിധ ആത്മഹത്യകളേയും വളരെ വ്യക്തമായി ഇസ്‌ലാം വിലക്കുന്നു. അതു കൊണ്ടുതന്നെ ഒരു വിധത്തിലുള്ള ചാവേർ ആക്രമണവും തീവ്രവാദവും അനുവദിച്ചു കൂടാ. ഇത്തരം ആക്രമണങ്ങളിലൂടെ നിരപരാധികളായ സ്ത്രീകളും കുട്ടികളും സാധാരണ ജനങ്ങളും വളരെ ക്രൂരമായി കൊല്ലപ്പെടുന്നു.

റൈസ് യൂണിവേഴ്സിറ്റി(Rice University) ഹോസ്റ്റൻ ടെക്സാസിലെ (Houston Texas) ഡോക്ടർ ക്രെയ്ഗ് കൊൺസ്ഡൈൻ (Dr. Craig Considine) സാഹിബ് തന്റെ ഗവേഷണ പ്രബന്ധത്തിൽ നാമമാത്ര ഇസ്‌ലാമിക് സ്‌റ്റേറ്റിന്റെ ഭാഗത്തു നിന്ന് ക്രിസ്ത്യാനികളുടെ മേൽ ചെയ്യപ്പെടുന്ന അതിക്രമങ്ങൾക്ക് നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളിൽ നിന്നോ എഴുത്തുകളിൽ നിന്നോ ഒരുവിധത്തിലും പിന്തുണ ലഭിക്കുന്നില്ലെന്ന് തെളിയിച്ചു കാണിക്കുകയുണ്ടായി. പരസ്പരമുള്ള സഹിഷ്ണുതയുടേയും പൗരാവകാശസംരക്ഷണത്തിന്റേയും അടിസ്ഥാനത്തിലുള്ള ഒരു സാമൂഹിക വ്യവസ്ഥിതിയാണ് നബി(സ)തിരുമേനി അവതരിപ്പിച്ചതെന്നും അദ്ദേഹം സമർഥിച്ചു. അതുകൊണ്ടുതന്നെ ഈ ഭീകരവാദികളുടെ പ്രവർത്തനങ്ങൾ തീർത്തും ഇസ്‌ലാമികവിരുദ്ധമാണെന്ന് വ്യക്തമാക്കേണ്ടതാണ്. ഇസ്‌ലാം യുദ്ധത്തിനുള്ള അനുവാദം നൽകിയത് പ്രതിരോധത്തിന്നു വേണ്ടിയായിരുന്നു. അതും യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ട സാഹചര്യത്തിൽ. ഉദാഹരണത്തിന്, സൂറ: ഹജ്ജിലെ നാല്പതാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു, അകാരണമായി ആരോടാണോ യുദ്ധം ചെയ്യുന്നത് അവർക്കും യുദ്ധത്തിനുള്ള അനുവാദമുണ്ട്. അതേ വചനത്തിൽ തന്നെ അല്ലാഹു പറയുന്നു. മതത്തിനു വേണ്ടി ചെയ്യപ്പെടുന്ന യുദ്ധങ്ങളിൽ അല്ലാഹു അക്രമിക്കപ്പെട്ടവരെ സഹായിക്കുന്നതാണ്.

ഇസ്‌ലാമിന്റെ ആരംഭകാലത്ത് നടന്നിരുന്ന യുദ്ധങ്ങൾ തീർത്തും മതപരമായ യുദ്ധങ്ങളായിരുന്നു. മതസ്വാതന്ത്ര്യം സ്ഥാപിക്കാൻവേണ്ടി ചെയ്ത യുദ്ധങ്ങളായിരുന്നു അവ. ഈ ഉദ്ദേശ്യത്തോടെ ചെയ്യപ്പെട്ട യുദ്ധങ്ങളിൽ ശത്രുക്കൾ പൂർണമായും ആയുധസജ്ജരായിരുന്നിട്ടും എണ്ണത്തിൽ മുസ്‌ലീംകളേക്കാൾ എത്രയോ ഇരട്ടിയായിരുന്നിട്ടും അല്ലാഹു മുസ്‌ലിംകൾക്ക് വിജയം നല്കിയനുഗ്രഹിച്ചുവെന്ന് ചരിത്രത്തിൽ നിന്ന് തെളിയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇക്കാലത്ത് നടന്നു കൊണ്ടിരിക്കുന്ന യുദ്ധത്തെക്കുറിച്ച് ഒരു മുസ്‌ലിം എന്ന നിലയിൽ ഞാൻ വിശകലനം ചെയ്യുമ്പോൾ എനിക്ക് തീർച്ചയായും പറയാൻ സാധിക്കും അവ മതപരമായ യുദ്ധങ്ങളല്ലെന്ന്. അതിനു കാരണങ്ങൾ ഒരുപാടുണ്ട്. അതിലൊന്ന് പലയുദ്ധങ്ങളും ഒന്നുകിൽ രാജ്യത്തെ ആഭ്യന്തര പ്രശ്നങ്ങൾ കൊണ്ടുണ്ടായതോ അല്ലെങ്കിൽ ഏതെങ്കിലും മുസ്‌ലിം അയൽ രാജ്യവുമായി ചെയ്തതോ ആയ യുദ്ധങ്ങളാണ്. അമുസ്‌ലിം രാജ്യങ്ങളുമായുണ്ടായ യുദ്ധങ്ങളെ മതപരമായയുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടില്ല. ഇരു കക്ഷികളിൽനിന്നും മുസ്‌ലിം പട്ടാളക്കാർ പോരാടിക്കൊണ്ടിരുന്നു. ഇക്കാലത്തെ യുദ്ധങ്ങൾ ഇസ്‌ലാമികമോ മതപരമോ ആയ യുദ്ധങ്ങളല്ലെന്ന് മനസ്സിലാക്കേണ്ടതാണ്. പ്രത്യുത സാമൂഹികവും രാഷ്ട്രീയവുമായ നേട്ടങ്ങൾക്കുവേണ്ടിയാണ് യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നത്. അവ ഇസ്‌ലാമിന്റെ അപകീർത്തിക്ക് കാരണമായിക്കൊണ്ടിരിക്കുന്നു.

ഞാൻ ഇത്രയും പറഞ്ഞതിൽനിന്ന് യഥാർഥ ഇസ്‌ലാമിനെ ഒരുവിധത്തിലും ഭയക്കേണ്ടതില്ലെന്ന് നിങ്ങൾക്ക് വ്യക്തമായിട്ടുണ്ടാകും. ഇസ്‌ലാം ഭീകരതയ്ക്കും ചാവേർ ആക്രമണത്തിനും പൊതുജനങ്ങളെ ഒരു മടിയുംകൂടാതെ കൊന്നുതള്ളുന്നതിനും അനുവാദം നല്കുന്നില്ല. ഇസ്‌ലാമോഫോബിയയെ അത് അംഗീകരിക്കുന്നില്ല. എന്തെന്നാൽ, ഇസ്‌ലാമിന്റെ യഥാർഥ ദർശനങ്ങൾ സമാധാന സ്ഥാപനവും സഹനവും പരസ്പരസ്നേഹത്തിനായി പ്രേരിപ്പിക്കലുമല്ലാതെ മറ്റൊന്നുമല്ല. മാനവികതയുടെ മൂല്യങ്ങളെ നിലനിറുത്തുന്നവയാണ് ഇസ്‌ലാമികാധ്യാപനങ്ങൾ. എല്ലാ മനുഷ്യരുടേയും ബഹുമാനവും അന്തസ്സും സ്വാതന്ത്ര്യവും അത് ഉയർത്തിപ്പിടിക്കുന്നു.

ഇതൊക്കെയാണെങ്കിലും ഭീകരവാദികളും അക്രമികളുമായ ചിലർ സുന്ദരമായ ഇതേ ഇസ്‌ലാമിന്റെ പേരിൽ അക്രമപരമായ പ്രവർത്തനങ്ങൾ ചെയ്യുന്നുവെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. ഏതവസ്ഥയിലായാലും, ഇസ്‌ലാം ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു വിധത്തിലും അനുവാദം നൽകുന്നില്ലെന്ന് ഞാൻ ഉദ്ധരിച്ചവചനത്തിൽനിന്ന് വ്യക്തമാണ്.(തുടരും)

# ഖുത്ബ ജുമുഅ

**വിശുദ്ധ ഖുർആനിൽ നമസ്കാരം നിർവഹിക്കുന്നതിലേക്ക് പലസ്ഥലങ്ങളിലും പറഞ്ഞിരിക്കുന്നു. പലയിടത്തും നമസ്കാരങ്ങൾ സംരക്ഷിക്കാനും കൃത്യമായി നമസ്കരിക്കാനും കല്പനയുണ്ട്. നമസ്കാരം ഇന്നയിന്ന സമയങ്ങളിലാണ് നമസ്കരിക്കേണ്ടത് എന്നു പറഞ്ഞ് അതിന്റെ സമയവും നല്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് മുഅ്മിനീംകൾ അത് പ്രാവർത്തികമാക്കേണ്ടതും കൃത്യമായി പാലിക്കേണ്ടതുമാണ്. ചുരുക്കം പറഞ്ഞാൽ നമസ്കാരങ്ങളുടെ നിർവഹണത്തേയും അതിന്റെ പ്രാധാന്യത്തേയും കുറിച്ച് ആവർത്തിച്ചാവർത്തിച്ച് അല്ലാഹു ഒരു സത്യവിശ്വാസിയെ ഉപദേശിച്ചിരിക്കുന്നു. ഇതിനെക്കാളൊക്കെ ഉപരിയായി പറഞ്ഞത്, മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യംതന്നെ ആരാധനയാണെന്നാണ്. ആരാധനകളുടെ ശരിയായ രീതികൾ പഠിപ്പിച്ച ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചുവെന്നത് നമ്മുടെ ഭാഗ്യമാണ്. എന്തുകൊണ്ട് നിർബന്ധമായും ആരാധന നടത്തണം എന്നതിന്റെ യുക്തി നമുക്ക് പഠിപ്പിച്ചു. ആവർത്തിച്ചാവർത്തിച്ച് വിവിധ അവസരങ്ങളിൽ തന്റെ ജമാഅത്തിനെ നമസ്കാരങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അതിന്റെ വിശദീകരണങ്ങളും ഭാഗങ്ങളും പറഞ്ഞുതന്നു. നമ്മൾ നമ്മുടെ നമസ്കാരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അതിൽ സൗന്ദര്യമുണ്ടാക്കുന്നതിനും വേണ്ടി അതിന്റെ യുക്തിയും ആവശ്യകതയും പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ നമസ്കാരത്തിന്റെ പ്രാധാന്യം, യുക്തി, നമസ്കാര പാലനം, നമസ്കാരങ്ങളിലുണ്ടാകുന്ന രസാനുഭൂതി, ആനന്ദം തുടങ്ങിയവ കരസ്ഥമാക്കുന്നതിനെ സംബന്ധിച്ച് സുപ്രധാനമായ ഉപദേശങ്ങൾ. മസ്ജിദിന്റെ അടുത്തു താമസിക്കുന്ന തദ്ദേശവാസികൾ അല്ലെങ്കിൽ ആരുടെ ഹൽഖയാണോ അവർ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അവരവരുടെ മസ്ജീദുകളിൽ അല്ലെങ്കിൽ തങ്ങളുടെ നമസ്കാര സെന്ററുകളിൽ നമസ്കാരം നിർവഹിക്കാൻ മുടങ്ങാതെ പോകേണ്ടതാണ്. പ്രത്യേകിച്ചും സുബ്ഹി നമസ്കരിക്കുന്നതിന് പോകേണ്ടതാണ്. ഇവിടെ മാത്രമല്ല ലോകത്ത് എല്ലാ രാജ്യങ്ങളിലും മസ്ജിദുകളെ ജനബാഹുല്യമാക്കുന്നതിനുള്ള ശ്രമം നടക്കേണ്ടതാണ്. പ്രത്യേകിച്ചും ഭാരവാഹികളും ജമാഅത്തിന്റെ ഉദ്യോഗസ്ഥരും വാഖ്ഫീനെ സിന്ദഗിയായിട്ടുള്ളവരും ഇതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ നമസ്കാരത്തിന്റെ ഹാജർനില വളരെ ഉയരാൻ സാധ്യതയുണ്ട്. ആരോഗ്യമുണ്ടെങ്കിൽ എല്ലാം ആയെന്നോ ഇന്ന ഇന്നജോലി ചെയ്യുന്നതുകൊണ്ട് ആരോഗ്യം നിലനില്ക്കുമെന്നോ മരുന്നു സേവിക്കുന്നതുകൊണ്ട് ആരോഗ്യം ലഭിക്കുമെന്നോ ഉള്ള ധാരണ തെറ്റാണ്. ഇതെല്ലാം അല്ലാഹുവിന്റെ കല്പനയാലാണ് നടക്കുന്നത്. അല്ലാഹുവിന്റെ കല്പനയില്ലെങ്കിൽ എല്ലാം നിരർഥമാണ്. അതിനാൽ, ഏതൊരുവന്റെ കല്പനയാലാണോ ഇതെല്ലാം നടന്നു വരുന്നത് അവന്റെ മുമ്പിൽ കുനിയേണ്ട ആവശ്യമാണ് നമുക്കുള്ളത്. അവനെ ആരാധിക്കേണ്ട ആവശ്യമാണുള്ളത്. അവനുമായി ബന്ധം സ്ഥാപിക്കേണ്ട ആവശ്യമാണുള്ളത്. എവിടെയാണോ സൃഷ്ടി ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് നമസ്കാരങ്ങൾ നിർബന്ധമാകുന്നത് അവിടെ അത് നമ്മെ ആപത്തുകളിൽനിന്നും പ്രയാസങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു. കാരണം ബാഹ്യത്തിൽനോക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ അസംഭാവ്യമായിട്ടുള്ളതുണ്ടാകും. പക്ഷേ, അല്ലാഹുവുമായിട്ടുള്ള ബന്ധമുണ്ടെങ്കിൽ അത് സംഭാവ്യമായിത്തീരുന്നു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഏപ്രിൽ 15/1395 ശഹാദത്ത് 15**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

വിശുദ്ധ ഖുർആനിൽ നമസ്കാരം നിർവഹിക്കുന്നതിലേക്ക് പലസ്ഥലങ്ങളിലും പറഞ്ഞിരിക്കുന്നു. പലയിടത്തും നമസ്കാരങ്ങൾ സംരക്ഷിക്കാനും കൃത്യമായി നമസ്കരിക്കാനും കല്പനയുണ്ട്. നമസ്കാരം ഇന്നയിന്ന സമയങ്ങളിലാണ് നമസ്കരിക്കേണ്ടത് എന്നു പറഞ്ഞ് അതിന്റെ സമയവും നല്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് മുഅ്മിനീംകൾ പ്രവർത്തിക്കേണ്ടതാണ്. കൃത്യമായി പാലിക്കേണ്ടതുമാണ്. ചുരുക്കം പറഞ്ഞാൽ നമസ്കാരങ്ങളുടെ നിർവഹണത്തേയും അതിന്റെ മാഹാത്മ്യത്തേയും കുറിച്ച് ആവർത്തിച്ചാവർത്തിച്ച് അല്ലാഹു ഒരു സത്യവിശ്വാസിയെ ഉപദേശിച്ചിരിക്കുന്നു. ഇതിനെക്കാളൊക്കെ ഉപരിയായി പറഞ്ഞത്, മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യംതന്നെ ആരാധനയാണെന്നാണ്. അല്ലാഹു പറയുന്നു: വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ (51:57) ജിന്നിന്റേയും ഇൻസിന്റേയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ആരാധനയാണ്. പക്ഷേ, മനുഷ്യൻ ഈ ഉദ്ദേശ്യം തിരിച്ചറിയുന്നില്ല. അവൻ അതിൽനിന്ന് അകന്നു കിടക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: 'നിങ്ങളുടെ യഥാർഥ സൃഷ്ടിയുദ്ദേശ്യമായി അല്ലാഹു വെച്ചിട്ടുള്ളത് നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. എന്നാൽ, പ്രകൃതിപരമായ ഈ ഉദ്ദേശ്യത്തെ വിട്ടുകൊണ്ട് മൃഗങ്ങളെപ്പോലെ തിന്നും കുടിച്ചും ഉറങ്ങിക്കഴിയുക എന്നത് ജീവിതോദ്ദേശ്യമായി മനസ്സിലാക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് അകന്നു കിടക്കുന്നവരാണ്. അല്ലാഹു അവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കുക ഇല്ല.'(മൽഫൂദാത്ത് വാള്യം 1 പേജ് 182, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അനന്തരാവകാശികളാകുന്നതിനും അവന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിനും മുഅ്മിൻ എന്നു വാദിക്കുന്നവൻ തന്റെ എല്ലാ പരിശ്രമങ്ങളോടും ശ്രദ്ധയോടും കൂടി കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്.

ആരാധനയുടെ ഉദ്ദേശ്യം എങ്ങനെയാണ് പൂർത്തിയാകുന്നത്? ഇതിന് ഇസ്‌ലാം അഞ്ചുനേരം നമസ്കരിക്കാൻ നമുക്ക് കല്പന നല്കിയിരിക്കുന്നു. നമസ്കാരം ആരാധനയുടെ കാതലാണെന്ന് ഹദീഥിലെ ഒരുനിവേദനത്തിൽ വന്നിരിക്കുന്നു. ഈ കാതൽ കരസ്ഥമാക്കി മാത്രമേ നമുക്ക് ആരാധനയുടെ ഉദ്ദേശ്യം സഫലമാക്കാൻ സാധിക്കുകയുള്ളൂ. ആരാധനകളുടെ ശരിയായ രീതികൾ പഠിപ്പിച്ച ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചുവെന്നത് നമ്മുടെ ഭാഗ്യമാണ്. എന്തുകൊണ്ട് നിർബന്ധമായും ആരാധന നടത്തണം എന്നതിന്റെ യുക്തി നമുക്ക് പഠിപ്പിച്ചു. ആവർത്തിച്ചാവർത്തിച്ച് വിവിധ അവസരങ്ങളിൽ തന്റെ ജമാഅത്തിനെ നമസ്കാരങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അതിന്റെ വിശദീകരണങ്ങളും ഭാഗങ്ങളും പറഞ്ഞുതന്നു. നമ്മൾ നമ്മുടെ നമസ്കാരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അതിൽ സൗന്ദര്യമുണ്ടാക്കുന്നതിനുംവേണ്ടി അതിന്റെ യുക്തിയും ആവശ്യകതയും പറഞ്ഞു.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഇതുസംബന്ധമായി സമർപ്പിക്കുന്നതായിരിക്കും. ചിലപ്പോൾ കാലാവസ്ഥയുടെ കാഠിന്യമോ രാത്രി ചെറുതാകുന്നതുകൊണ്ടോ പ്രത്യേകിച്ചും സുബ്ഹി നമസ്കാരത്തിൽ മടിയുണ്ടാകാറുണ്ട്. പൊതുവെ ളുഹ്റിന്റേയും അസ്റിന്റേയും നമസ്കാരങ്ങൾ ആളുകൾ ജംആക്കാറുണ്ട്. ജോലിക്കൂടുതൽ കാരണത്താൽ ശരിയായ നിലയിൽ നമസ്കാരം നിർവഹിക്കാത്ത ചിലയാളുകളേയും ഞാൻ കണ്ടിട്ടുണ്ട്. കാലാവസ്ഥ കാഠിന്യവും രാത്രിയിലെ ഉറക്കം മുഴുവനാകാത്തതും ജോലിത്തിരക്കും കാരണത്തിൽ ആളുകൾ ഒന്നുകിൽ നമസ്കാരങ്ങൾ ഒഴിവാക്കുന്നു അല്ലെങ്കിൽ തങ്ങൾ മൂന്നു നമസ്കാരങ്ങൾ ജംആക്കി എന്ന് പറയുന്ന ചിലയാളുകളുമുണ്ട്. ഈയിടെയായി ഇവിടെ, ഈ രാജ്യങ്ങളിൽ ദ്രുതഗതിയിലാണ് നമസ്കാരത്തിന്റെ സമയം പിന്നിലേക്ക് വന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സുബ്ഹി

നമസ്കാരത്തിലും ഒന്നൊന്നരസഫ് കുറവുണ്ടാകാൻ തുടങ്ങിയിരിക്കുന്നു. വെളിയിൽനിന്നു വന്നിട്ടുള്ള ചിലയാളുകൾ കാരണത്താൽ ചിലപ്പോൾ അംഗസംഖ്യ കൂടാറുമുണ്ട്. പക്ഷേ, മസ്ജിദിന്റെ അടുത്തു താമസിക്കുന്ന തദ്ദേശവാസികൾ അല്ലെങ്കിൽ ആരുടെ ഹൽഖയാണോ അവർ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അവരവരുടെ മസ്ജീദുകളിൽ അല്ലെങ്കിൽ തങ്ങളുടെ നമസ്കാര സെന്ററുകളിൽ നമസ്കാരം നിർവഹിക്കാൻ മുടങ്ങാതെ പോകേണ്ടതാണ്. പ്രത്യേകിച്ചും സുബ്ഹി നമസ്കരിക്കുന്നതിന് പോകേണ്ടതാണ്. ഇവിടെ മാത്രമല്ല ലോകത്ത് എല്ലാ രാജ്യങ്ങളിലും മസ്ജിദുകളെ ജനബാഹുല്യമാക്കുന്നതിനുള്ള ശ്രമം നടക്കേണ്ടതാണ്. പ്രത്യേകിച്ചും ഭാരവാഹികളും ജമാഅത്തിന്റെ ഉദ്യോഗസ്ഥരും വാഖ്ഫീനെ സിന്ദഗിയായിട്ടുള്ളവരും ഇതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ നമസ്കാരത്തിന്റെ ഹാജർനില വളരെ ഉയരാൻ സാധ്യതയുണ്ട്.

നമസ്കാരം മുടങ്ങാതെയും നിർബന്ധമായും അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. ഒരു മജ്ലിസിൽ അവിടന്ന് പറഞ്ഞു: 'നമസ്കാരങ്ങൾ മുടങ്ങാതെ നിർബന്ധമായും അനുഷ്ഠിക്കുക. ചിലയാളുകൾ ഒരൊറ്റ നമസ്കാരം അനുഷ്ഠിക്കുന്നവരായിട്ടുണ്ട്. നമസ്കാരം മാപ്പാക്കപ്പെടുകയില്ലെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്കുപോലും നമസ്കാരം മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു: പുതിയതായി ബയ്അത്തുചെയ്തുവന്ന ഒരു സംഘം നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു നമസ്കാരം മാപ്പാക്കിക്കിട്ടണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. (തങ്ങൾക്കു തിരക്കുണ്ട്, ഒരുപാട് ജോലികളുണ്ട്. നമസ്കാരം മാപ്പാക്കിത്തന്നാലും). നബി(സ)തിരുമേനി പറഞ്ഞു: 'കർമ്മമില്ലാത്തമതം ഒരു മതംതന്നെയല്ല.' അതുകൊണ്ട് ഇക്കാര്യം നല്ലവണ്ണം ഓർക്കുകയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. ആകാശവും ഭൂമിയും അവന്റെ കല്പന കാരണത്താൽ നിലകൊള്ളുന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാണെന്ന് അല്ലാഹു പറയുന്നു. ചിലപ്പോൾ പ്രകൃതിശാസ്ത്രിലേക്ക് ചായ്വുള്ള ചിലയാളുകൾ പ്രകൃതിമതമാണ് പിൻപറ്റാൻ പറ്റിയതെന്ന് പറയാറുണ്ട്. കാരണം ആരോഗ്യപരമായ സംരക്ഷണത്തിന്റെ നിയമങ്ങളുനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ ഭക്തികൊണ്ടും പരിശുദ്ധികൊണ്ടും എന്തുഫലമുണ്ടാകാനാണ്?"(ധാരാളം നിയമങ്ങളുണ്ട്, അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന കാര്യം ലൗകികൻ ചർച്ചചെയ്യാറുണ്ട്. ആരോഗ്യത്തെ കുറിച്ചുള്ള ഭൗതികമായ നിയമങ്ങളുണ്ടെങ്കിൽ ഉദാഹരണത്തിന് ഇന്ന ഇന്ന കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്, അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ ആരോഗ്യം നിലനില്ക്കുകയില്ല. അവനെങ്ങനെയാണ് ഭക്തിയിലും പരിശുദ്ധിയിലും നിലകൊള്ളാൻ കഴിയുക? വെറും ഭക്തി നിലനിറുത്തുന്നതുകൊണ്ട് എന്ത് ഫലമുണ്ടാകാനാണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അതുകൊണ്ട് വ്യക്തമായും മനസ്സിലാക്കിക്കൊള്ളുക അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഇങ്ങനേയും ഒരു ദൃഷ്ടാന്തമുണ്ട്; ചില സമയങ്ങളിൽ മരുന്നുകൾ ഫലിക്കുകയില്ല. ആരോഗ്യസംരക്ഷണത്തിന്റെ കാര്യഹേതുക്കളും ഒന്നിനും പ്രയോജനപ്പെടുകയില്ല. മരുന്നും പ്രയോജനപ്പെടുകയില്ല; സമർഥനായ ഡോക്ടറും. പക്ഷേ, അല്ലാഹുവിന്റെ കല്പനയുണ്ടെങ്കിൽ തലതിരിഞ്ഞിട്ടുള്ളതും നേരെയാകുന്നതാണ്." (മൽഫൂദാത്ത് വാല്യം 1 പേജ് 263, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ ഫള്ലാണ് യഥാർഥകാര്യം. ആരോഗ്യമുണ്ടെങ്കിൽ എല്ലാം ആയെന്നോ ഇന്ന ഇന്നജോലി ചെയ്യുന്നതുകൊണ്ട് ആരോഗ്യം നിലനില്ക്കുമെന്നോ മരുന്നു സേവിക്കുന്നതുകൊണ്ട് ആരോഗ്യം ലഭിക്കുമെന്നോ ഉള്ള ധാരണ തെറ്റാണ്. ഇതെല്ലാം അല്ലാഹുവിന്റെ കല്പനയാലാണ് നടക്കുന്നത്. അല്ലാഹുവിന്റെ കല്പനയില്ലെങ്കിൽ എല്ലാം നിരർഥമാണ്. അതിനാൽ, ഏതൊരുവന്റെ കല്പനയാലാണോ ഇതെല്ലാം നടന്നു വരുന്നത് അവന്റെ മുമ്പിൽ കുനിയേണ്ട ആവശ്യമാണ് നമുക്കുള്ളത്. അവനെ ആരാധിക്കേണ്ട ആവശ്യമാണുള്ളത്. അവനുമായി ബന്ധം സ്ഥാപിക്കേണ്ട ആവശ്യമാണുള്ളത്. എവിടെയാണോ സൃഷ്ടി ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് നമസ്കാരങ്ങൾ നിർബന്ധമാകുന്നത് അവിടെ അത് നമ്മെ ആപത്തുകളിൽനിന്നും പ്രയാസങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു. കാരണം ബാഹ്യത്തിൽനോക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ അസംഭാവ്യമായിട്ടുള്ളതുണ്ടാകും. പക്ഷേ, അല്ലാഹുവുമായിട്ടുള്ള ബന്ധമുണ്ടെങ്കിൽ അത് സംഭാവ്യമായിത്തീരുന്നു. എന്തൊന്നാണ് ഉണ്ടാകുന്നത് അത് അല്ലാഹുവിന്റെ കല്പനയനുസരിച്ചാണ് ഉണ്ടാകുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ലുകളെ സ്വരുക്കൂട്ടുന്നതിന് കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു ആഗ്രഹിക്കുന്നത് ചെയ്യുന്നു എന്നതാണ് യഥാർഥ കാര്യം. ജനവാസമില്ലാത്ത സ്ഥലത്തെ ജനവാസമുള്ളതാക്കുന്നു. ജനവാസമുള്ള സ്ഥലത്തെ ജനവാസമില്ലാത്തതാക്കുന്നു. ബാബിൽ പട്ടണത്തോടു എന്താണ് ചെയ്തത്? ഏതൊരു സ്ഥലത്ത് ജനവാസമുണ്ടാകണമെന്നാണോ മനുഷ്യൻ ആഗ്രഹിച്ചത് അവിടം ദൈവഹിതത്താൽ ജനശൂന്യമായത്തീർന്നു. മൂങ്ങകളുടെ വാസസ്ഥലമായി. ജനവാസം ഉണ്ടാവരുതെന്ന് മനുഷ്യൻ ആഗ്രഹിച്ച സ്ഥലം ലോകത്തുള്ള മുഴുവൻ ജനങ്ങളുടേയും അഭയസ്ഥാനമായി.'(അതായത് മക്ക-കഅ്ബ ദേവാലയം)

നല്ലവണ്ണം ഓർത്തുകൊള്ളുക, അല്ലാഹുവിനെ വിട്ടുകൊണ്ട് മരുന്നിലും പ്രവർത്തനത്തിലും ആശ്രയം തേടുന്നത് വിഡ്ഢിത്തമാണ്. പുതിയജീവിതം കൈവന്നിരിക്കുന്നുവെന്ന് തോന്നുംവിധം നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തുക. ഇസ്തിഗ്ഫാർ അധികമധികമായി ചെയ്യുക. ഭൗതികമായ ജോലിത്തിരക്കുകൊണ്ട് സമയമില്ലാത്തവർ കൂടുതൽ ഭയപ്പെടേണ്ടതാണ്." ലോകത്തെ പണികൾ ധാരാളമുണ്ടെന്നും തിരക്ക് അധികമാണെന്നും ആരാധനകൾക്കും നമസ്കാരങ്ങൾക്കും ഒഴിവില്ലെന്നും മനസ്സിലാക്കുന്നവർ കൂടുതൽ ഭയപ്പെടേണ്ടതാണ്)." ഉദ്യോഗസ്ഥന്മാരുടെ, അല്ലാഹുചെയ്യാൻ കല്പിച്ചിട്ടുള്ള അധികം നിർബന്ധ കടമകളും മരിച്ചുപോകുന്നു. അതുകൊണ്ട് നിർബന്ധാവസ്ഥയിൽ ളുഹ്റും അസ്റും മഗ്രിബും ഇശായും ജംആക്കി നമസ്ക്കരിക്കേണ്ടതാണ്." അവിടന്ന് പറയുന്നു: ഭരണാധികാരികളോടു അനുവാദം ചോദിക്കുകയാണെങ്കിൽ അവർ അനുവദിക്കുന്നതാണെന്നും എനിക്കറിയാം." (എവിടെയാണോ ജോലിനോക്കുന്നത് ഉദ്യോഗം വഹിക്കുന്നത് അവിടെത്തെ ഓഫീസറുടെമുന്നിൽ നല്ല സ്വാധീനമുണ്ടെങ്കിൽ, അവരോടു നമസ്കരിക്കാൻ പോകാൻ അനുവാദം ചോദിച്ചാൽ അനുവാദം നല്കുന്നതാണ്.) പറഞ്ഞു:'ഉന്നതരായ ഭരണാധികാരികളിൽനിന്ന് കീഴുദ്യോഗസ്ഥന്മാർക്ക് ഇതുസംബന്ധമായി പ്രത്യേക നിർദേശം ലഭിച്ചിട്ടുണ്ട്." (ചില സ്ഥലങ്ങളിൽ നിർദേശമുണ്ടുതാനും). പറഞ്ഞു: "നമസ്കാരം ഉപേക്ഷിക്കുന്നതിന് അത്തരം അനാവശ്യമായ ഒഴികഴിവുകൾ തങ്ങളുടെ ആത്മാവിന്റെ ബലഹീനതയല്ലാതെ മറ്റൊന്നുമല്ല. അല്ലാഹുവിനോടുള്ള കടമകളിലും സൃഷ്ടികളോടുള്ള കടമകളിലും ദ്രോഹവും അക്രമവും ചെയ്യാതിരിക്കുക. നിങ്ങളുടെ നിർബന്ധമായ കടമകൾ വിശ്വസ്തയോടെ നിറവേറ്റുക."(മൽഫൂദാത്ത് വാല്യം 1 പേജ് 265, 1985 ലണ്ടൻ പതിപ്പ്)

വെറും നമസ്കാരം മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഇതു സംബന്ധമായി നഫ്ലുകളിലേക്കും തഹജ്ജുദിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഈ ജീവിതത്തിന്റെ മുഴുവൻ ശ്വാസവും ഭൗതികലോകത്തിനുവേണ്ടി കഴിഞ്ഞുപോയാൽ പിന്നെ പരലോകത്തിന് എന്ത് ശേഖരമാണുള്ളത്?' (മുഴുവൻ സമയവും മുഴുവൻ ശ്വാസവും മുഴുവൻ നിമിഷവും മനുഷ്യൻ ഭൗതികസമ്പാദനത്തിനായി ചെലവഴിച്ചെങ്കിൽ പരലോകത്തിനുവേണ്ടി എന്താണ് സ്വരുക്കൂട്ടിയത്.) പറഞ്ഞു, 'തഹജ്ജുദ് നമസ്കരിക്കാൻ പ്രത്യേകിച്ചും എഴുന്നേല്ക്കുക. അഭിരുചിയോടും അഭിനിവേശത്തോടും നമസ്കരിക്കുക. ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്കുകൊണ്ട് പരീക്ഷണങ്ങൾ വന്നു പെടുന്നു.' പറഞ്ഞു: 'ഭക്ഷണം നല്കുന്നവൻ അല്ലാഹുവാണ്. നമസ്കാരം അതിന്റെ നേരത്ത് നിർവഹിക്കേണ്ടതാണ്. ളുഹ്റും അസ്റും ഇടയ്ക്കിടെ ചേർത്ത് നമസ്കരിക്കാവുന്നതാണ്. ബലഹീനരായ ആളുകളുണ്ടാകുമെന്ന് അല്ലാഹുവിന് അറിയാം. അതുകൊണ്ടാണ് ഈ ഇളവ് വെച്ചത്. എന്നാൽ, മൂന്നു നമസ്കാരങ്ങൾ ചേർത്ത് നമസ്കരിക്കാവുന്നതല്ല. ഉദ്യോഗങ്ങളിലും മറ്റു പല കാര്യങ്ങളിലും ആളുകൾക്ക് ശിക്ഷ കിട്ടാറുണ്ട്. (ഭരണാധികാരികളുടെ കോപങ്ങൾക്ക് ഇരയാകേണ്ടി വരുന്നു). അങ്ങനെ വരുമ്പോൾ അല്ലാഹുവിനുവേണ്ടി ബുദ്ധിമുട്ടുകൾ സഹിക്കുകയാണെങ്കിൽ അത് എത്ര നല്ലതാണ്.' മൽഫൂദാത്ത് വാല്യം 1 പേജ് 6 1985 ലണ്ടൻ പതിപ്പ്).

ഭൗതിക ഉദ്യോഗങ്ങളിൽ ഭൗതിക ജോലികളിലും ആളുകൾക്ക് ശിക്ഷ ലഭിക്കാറുണ്ട്. അവർ ബുദ്ധിമുട്ടുകൾ വഹിക്കുന്നു. നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതിന് അല്ലാഹുവിനുവേണ്ടി അല്പം ബുദ്ധിമുട്ടു വഹിച്ചാൽ അതുകൊണ്ട് ഗുണം മാത്രമേ ഉണ്ടാകുകയുള്ളു. അതിനാൽ, ഇതെപ്പോഴും ഒരു മുഅ്മിൻ ഓർമവെക്കേണ്ടതാണ്. ഇപ്പോൾ രാത്രികൾ ചെറുതായി വന്നു കൊണ്ടിരിക്കുകയാണ്. ചെറിയ രാത്രികൾ കാരണത്താൽ നമസ്കാരം ഖളാ ആകരുത്. ചെറിയ രാത്രികൾ നമസ്കാരം അനുഷ്ഠിക്കുന്നത് തടയുകയുമരുത്. ഭൗതിക ജോലിത്തിരക്കുകൾ ആ വഴിയിൽ തടസമാകരുത്. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്കെപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്.

നമ്മളിൽ ധാരാളമാളുകൾ നമസ്കാരം ഒരു നിർബന്ധ കടമയാണെന്ന് മനസ്സിലാക്കി അനുഷ്ഠിക്കുന്നുണ്ട്. പക്ഷേ, അതിന്റെ യാഥാർഥ്യം ശരിയായ നിലയിൽ അറിയുന്നില്ല. ഇതു വിശദീകരിച്ചുകൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'എന്താണ് നമസ്കാരം? ഇതൊരു പ്രത്യേക ദുആയാണ്. എന്നാൽ, ആളുകൾ അതിനെ രാജാക്കന്മാരുടെ നികുതിയായിട്ടാണ് കണക്കാക്കുന്നത്.' (അതായത് നിർബന്ധിതരായി നല്കിക്കൊണ്ടിരിക്കുന്നതും അടച്ചുകൊണ്ടിരിക്കുന്നതുമായ നികുതി ചുമത്തപെട്ടിരിക്കുന്നതുപോലെ!). 'അജ്ഞരായ ഇവർ അല്ലാഹുവിന് ഇത്തരം കാര്യങ്ങളുടെ ആവശ്യമെന്താണെന്നു പോലും ചിന്തിക്കുന്നില്ല. സ്വാശ്രയനായ അവന്റെ സത്തയ്ക്ക് മനുഷ്യൻ ദുആയിലും തസ്ബീഹിലും തഹ്ലീലും മുഴുകിയിരിക്കേണ്ട ആവശ്യമെന്താണ്? അതിൽ മനുഷ്യന് അവന്റെ തന്നെ ഗുണമാണുള്ളത്. ഈ രീതിയിൽ അവൻ തന്റെ ഉദ്ദേശ്യം പ്രാപിക്കുന്നു.' പറഞ്ഞു: ഈയിടെയായി ആരാധനകളോടും ഭക്തിയോടും വിശ്വസ്തതയോടും സ്നേഹമില്ലാത്തതുകാണുമ്പോൾ എനിക്കു വളരെ വിഷമം തോന്നുന്നു. ഇതിനുകാരണം പൊതുവെയുള്ള വിഷലിപ്തമായ ഒരു അനാചാരത്തിന്റെ സ്വാധീനമാണ്. ഇക്കാരണത്താലാണ് അല്ലാഹുവിനോടുള്ള സ്നേഹം തണുത്ത് കൊണ്ടിരിക്കുന്നത്. എത്തരത്തിലുള്ള രസാനുഭൂതിയാണോ ആരാധനകളിൽ ഉണ്ടാകേണ്ടത്, അതുണ്ടാകാത്തതും! എന്തെങ്കിലും രുചിയും പ്രത്യേകമായ സ്വാദും അല്ലാഹു വെച്ചിട്ടില്ലാത്തതായ ഒരു വസ്തുവും ലോകത്തില്ല." പറഞ്ഞു: ഒരു രോഗിക്ക് ഏറ്റവും നല്ല ഭക്ഷണപദാർഥത്തിൽനിന്ന് രുചി ആസ്വദിക്കാൻ പറ്റാതെ അവൻ അതിനെ കയ്പുള്ളതും രുചിയില്ലാത്തതുമായി മനസ്സിലാക്കുന്നതുപോലെ (ചിലപ്പോൾ വായ്ക്ക് ഒരു രുചിയുമുണ്ടാകുകയില്ല) ആരാധനാകർമങ്ങളിൽ രുചിയും രസാനുഭൂതിയും ഉണ്ടാകാത്തവർ തങ്ങളുടെ രോഗത്തെ കുറിച്ച് ചിന്തിക്കേണ്ടതാണ്. കാരണം ഞാനിപ്പോൾ പറഞ്ഞതുപോലെ എന്തെങ്കിലും രുചിയും പ്രത്യേകമായ സ്വാദും അല്ലാഹു വെച്ചിട്ടില്ലാത്തതായ ഒരു വസ്തുവും ലോകത്തില്ല. അല്ലാഹു മനുഷ്യകുലത്തെ ആരാധനയ്ക്കായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്പോൾപിന്നെ ഈ ആരാധനയിൽ അവന് രുചിയും ആസ്വാദനവും ഉണ്ടാകാതിരിക്കാൻ എന്തുകാരണമാണുള്ളത്?" (താൻ സൃഷ്ടിച്ചിട്ടുള്ളതുതന്നെ ആരാധനയ്ക്കായിട്ടാണെന്ന് ഒരു ഭാഗത്ത് അല്ലാഹു പറയുന്നു. അപ്പോൾ അതിൽ ഒരു രസാനുഭൂതിയും വെക്കാതിരിക്കുകയോ)പറഞ്ഞു: 'രുചിയും രസാനുഭൂതിയുമുണ്ട്. എന്നാൽ, അതിൽനിനിന്ന് രുചി അനുഭവിക്കുന്നവനുമുണ്ടാകണം.'(ആ ആനന്ദത്തെ കരസ്ഥമാക്കുന്നവനും ആരെങ്കിലും ഉണ്ടാകണം). അല്ലാഹു പറയുന്നു: വമാ ഖലഖ്ത്തുൽ ജിന്ന

വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ(51:57) അപ്പോൾ മനുഷ്യൻ ആരാധനയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുമ്പോൾ ആരാധനയിൽ തുചിയും ആനന്ദവും ഉന്നതനിലയിൽ വെച്ചിരിക്കേണ്ടതും നിർബന്ധമാണ്. ഇക്കാര്യത്തെ നമുക്കു നമ്മുടെ നിത്യജീവിതത്തിലുണ്ടാകുന്ന കാഴ്ചയിൽനിന്നും അനുഭവത്തിൽനിന്നും നല്ലവണ്ണം മനസ്സിലാക്കാൻ കഴിയും."(എല്ലാ പണിയിലും അല്ലാഹു രുചിയും ആനന്ദവും വെച്ചിട്ടുണ്ട്. നിത്യവുമുള്ള ജോലികളിൽനിന്ന് അത് അറിയാൻ കഴിയുന്നു. കാഴ്ചയിൽ കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു). പിന്നീടു പറഞ്ഞു, "ഉദാഹരണത്തിന് നോക്കുക. ധാന്യങ്ങളും അശനപാനീയങ്ങളുമായ എല്ലാ വസ്തുക്കളും(തിന്നാനും കുടിക്കാനുമുള്ള എല്ലാ വസ്തുക്കളും) മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്പോൾ അവയിൽനിന്ന് അവൻ ഒരു രുചിയും ആനന്ദവും പ്രാപിക്കുകയില്ലേ?"(വലിയ സ്വാദിഷ്ടമായ ഭക്ഷണം ഉണ്ടാക്കുമ്പോൾ വലിയ സന്തോഷമാണുണ്ടാകുന്നത്). ആ രുചി അനുഭവിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവന്റെ വായിൽ നാവില്ലേ? ആ ഭംഗിയുള്ള വസ്തുക്കളെ കണ്ട് -ചെടികളാവട്ടെ ഖരപദാർഥങ്ങളാവട്ടെ മൃഗങ്ങളാവട്ടെ മനുഷ്യന് ആനന്ദമുണ്ടാകാറില്ലേ?" (ഭക്ഷണത്തിന്റെ രുചി ആസ്വദിക്കുന്നു. സൗന്ദര്യത്തിന്റെ ആനന്ദവും അനുഭവിക്കുന്നു. ഭംഗിയുള്ള വസ്തുക്കൾ കണ്ട് കണ്ണുകളിലൂടെ നിർവൃതിയടയുന്നു). ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും മനോഹരവുമായ സ്വരങ്ങൾകേട്ട് അവന്റെ ചെവി ആനന്ദം കൊള്ളുന്നില്ലേ?"(അല്ലാഹു ചെവി വെച്ചിരിക്കുന്നു. ചെവികളിൽ മനോഹരമായ സ്വരമെത്തിയാൽ അതുമുഖേന മനസ്സ് സന്തോഷിക്കുന്നു). ആരാധനയിൽ രുചിയുണ്ടെന്നതിന് ഇനി മറ്റെന്തെങ്കിലും തെളിവിന്റെ ആവശ്യമുണ്ടോ? (ഈ വസ്തുക്കളിലെല്ലാം രുചികരമായഅവസ്ഥ ഉണ്ടാകുമ്പോൾ, അവയിൽനിന്ന് അല്ലാഹു ഉണ്ടാക്കിയ ആനന്ദമുണ്ടാകുമ്പോൾ ആരാധനയിൽ രുചികരമായ അവസ്ഥ ഇല്ലാതാകുന്നതെങ്ങനെ. ഈ എല്ലാ കാര്യങ്ങളും ആരാധനയിലും തീർച്ചയായും അല്ലാഹു രസാനുഭൂതി വെച്ചിട്ടുള്ളതിന് തെളിവാണ്). പറഞ്ഞു, അല്ലാഹു പറയുന്നു, നാം സ്ത്രീയേയും പുരുഷനേയും ജോഡിയായി സൃഷ്ടിച്ചിരിക്കുന്നു. പുരുഷന് ആഗ്രഹം നല്കിയിരിക്കുന്നു. അതിൽ ബലാല്ക്കാരമൊന്നും ചെയ്തിട്ടില്ല. മറിച്ച് ഒരു രസാനുഭൂതി കാണിച്ചുകൊടുത്തു. പ്രജനനവും സന്താനോല്പാദനവും മാത്രമായിരുന്നു അടിസ്ഥാനപരമായ ഉദ്ദേശ്യമെങ്കിൽ, ഉദ്ദേശ്യം പൂർണമാകുക സാധ്യമാകുമായിരുന്നില്ല." പറഞ്ഞു,"അല്ലാഹുവിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം മനുഷ്യരെ സൃഷ്ടിക്കുകയായിരുന്നു. ഇതിനായി സ്ത്രീയും പുരുഷനും തമ്മിൽ ഒരു ബന്ധമുണ്ടാക്കി. ഉപോൽബലകമായി അതിൽ ഒരു രസാനുഭൂതിയും വെച്ചു. അതാണ് ഇന്ന് ഭൂരിപക്ഷം മൂഢന്മാർക്കും അടിസ്ഥാനപരമായ ഉദ്ദേശ്യമായിത്തീർന്നിട്ടുള്ളത്. (ലൗകികരായ ചിലയാളുകൾ അതുമാത്രമാണ് തങ്ങളുടെ ലക്ഷ്യമെന്ന് മനസ്സിലാക്കുന്നു.) ഇപ്രകാരം നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക, ആരാധനാകർമങ്ങളിൽ ഒരു ഭാരവും ഒരു നികുതിയുമില്ല. അതിലും ഒരു നിർവ്യതിയും സന്തോഷവുമാണുള്ളത്. ഈ നിർവൃതിയും ഈ സന്തോഷവും ലോകത്തിലെ എല്ലാ നിർവൃതിയെക്കാളും സന്തോഷത്തേക്കാളും എല്ലാ ആസ്വാദ്യവസ്തുക്കളെക്കാളും ഉദാത്തവും ഉന്നതവുമാണ്. ഒരു രോഗി ഏറ്റവും നല്ല സ്വാദുള്ള ഭക്ഷണത്തിന്റെ സ്വാദിൽനിന്ന് തടയപ്പെടുന്നു. ഇപ്രകാരം അതേ! അങ്ങനെതന്നെ! ദുർവൃത്തൻ ദൈവാരാധനയുടെ രുചിപ്രാപിക്കുകയില്ല.'(മൽഫൂദാത്ത് വാള്യം 1 പേജ് 159-160, 1985 ലണ്ടൻ പതിപ്പ്)

തന്റെ രോഗം കാരണത്താൽ , തന്റെ അസുഖം കാരണത്താൽ, വായ കയ്ക്കുന്ന കാരണത്താൽ ഒരു രോഗിക്ക് സ്വാദുള്ള ഭക്ഷണം ഇഷ്ടപ്പെടുന്നില്ലെങ്കിൽ, അതിന്റെ രുചി അനുഭവപ്പെടുന്നില്ലെങ്കിൽ അതിന്റെ അർഥം ഭക്ഷണം മോശമാണെന്നല്ല. അതിന്റെ അർഥം അവൻ രോഗിയാണെന്നാണ്. ഇതുപോലെ നമസ്കാരത്തിൽനിന്ന്, ഇബാദത്തിൽനിന്ന് രുചി എടുക്കുന്നില്ലെങ്കിൽ അതിന്റെ അർഥം നമസ്കാരങ്ങളിൽ രുചി അടങ്ങിയിട്ടില്ലെന്നല്ല, അല്ലാഹു നിർവൃതി വെച്ചിട്ടില്ലെന്നല്ല! പക്ഷേ, മനുഷ്യന്റെ സ്വഭാവം, രോഗം, രുചിയില്ലായ്മ തുടങ്ങിയവ അതിൽനിന്ന് ഫലമെടുക്കുന്നില്ലെന്നാണ്.'

നിർവൃതിയുടേയും സന്തോഷത്തിന്റേയും വിഷയം കൂടുതൽ വിവരിച്ചുകൊണ്ട് ഒരിടത്തു ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ആളുകൾ നമസ്കാരങ്ങളിൽ അലസരും മടിയരുമാകുന്നത് അവയിൽ അല്ലാഹുവച്ചിരിക്കുന്ന നിർവൃതിയെക്കുറിച്ചും ആനന്ദത്തെകുറിച്ചും അറിവില്ലാത്തതുകൊണ്ടാണെന്ന് ഞാൻ കാണുന്നു.(അവർക്ക് അവയെ കുറിച്ച് അറിയില്ല). പിന്നീട് നഗരങ്ങളിലും ഗ്രാമങ്ങളിലും ഇതിനെക്കാൾ കൂടുതൽ അലസതയും മടിയുമാണ് ഉണ്ടാകുന്നത്. അമ്പതിൽ ഒരു ഭാഗംപോലും പൂർണമായ സന്നദ്ധതയോടും സത്യസന്ധമായ സ്നേഹത്തോടും കൂടി തങ്ങളുടെ യഥാർഥ യജമാനന്റെ മുമ്പിൽ തല കുനിക്കുന്നില്ല. പിന്നീടുണ്ടാകുന്ന ചോദ്യം എന്തുകൊണ്ട് അവർക്ക് ഈ രസാനുഭൂതിയെക്കുറിച്ച് അറിവില്ല എന്നതാണ്. അവർ ഒരിക്കലും ഇത് അനുഭവിച്ചിട്ടുമില്ല. മതങ്ങളിൽ അത്തരം കല്പനകളില്ലേ. ചിലപ്പോൾ നമ്മൾ നമ്മുടെ ജോലികളിൽ മുഴുകിയിരിക്കും. ബാങ്കുകൊടുക്കുന്നയാൾ ബാങ്കുകൊടുക്കും. അവൻ അത് കേൾക്കാനും ആഗ്രഹിക്കുന്നില്ല. അവന്റെ മനസ്സ് അതുകേട്ട് വേദനിക്കുന്നതുപോലെ!'(അതായത് ഇനിയിപ്പോൾ നമസ്കാരത്തിന് പോകണമല്ലോ എന്നോർത്ത് ബാങ്കിന്റെ ശബ്ദം കേൾക്കാൻപോലും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ശ്രദ്ധിക്കുന്നുമില്ല). 'ഇത്തരക്കാർ സഹതാപാർഹരാണ്. ഇവിടേയും അത്തരക്കാരായ ചിലരുണ്ട്. അവരുടെ കടകൾ മസ്ജിദിന്റെ താഴെയായിരിക്കും. എന്നാൽ, വല്ലപ്പോഴുംപോലും അവിടെ ചെന്ന് നോക്കുകയില്ല. അതുകൊണ്ട് ഞാൻ പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിനോട് അങ്ങേയറ്റം വേദനയോടും ഒരു ആവേശത്തോടും കൂടി ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്; ഫലവർഗങ്ങളിലും മറ്റു വസ്തുക്കളിലും പലരീതിയിലുള്ള രുചികൾ വച്ചിരിക്കുന്നതുപോലെ നമസ്കാരത്തിന്റേയും ആരാധനയുടേയും രുചി ഒരിക്കൽ നല്കിയാലും. (പറഞ്ഞു, ഭക്ഷണത്തിന്റെ, പഴങ്ങളുടെ, മറ്റു ഭക്ഷ്യവസ്തുക്കളുടെ രുചി നാവിൽ നിലകൊള്ളുന്നില്ലേ, അതേപോലെ അല്ലാഹു നമുക്ക് നമസ്കാരത്തിന്റേയും ഒരു പ്രാവശ്യം രുചിപ്പിക്കേണമേ എന്ന് അല്ലാഹുവിനോടു ദുആ ചെയ്യുക). തിന്നിട്ടുള്ളത് ഓർമയിൽ നിലകൊള്ളുന്നു. നോക്കുക! ഒരാൾ ഏതെങ്കിലും സൗന്ദര്യത്തെ ഒരു കൗതുകത്തോടെ നോക്കുമ്പോൾ അയാൾക്കത് നല്ലവണ്ണം ഓർമയുണ്ടാകും. പിന്നീട് ഏതെങ്കിലും വിരൂപിയേയും വെറുക്കപ്പെട്ട ആകൃതിയേയും കാണുമ്പോൾ അതിന്റെ എല്ലാ അവസ്ഥയും ഉറപ്പോടുകൂടി ശരീരരൂപം പൂണ്ട് മുന്നിൽ വരുന്നു.'(സൗന്ദര്യവും ഓർമയായി നിലകൊള്ളുന്നു. വിരൂപവും ഓർമയായി നിലകൊള്ളുന്നു). ഒരു ബന്ധവുമില്ലെങ്കിൽ ഒന്നും ഓർമ ഉണ്ടാകുകയില്ല. ഇപ്രകാരം നമസ്കരിക്കാത്തവരുടെ പക്കൽ നമസ്കാരം ഒരു പിഴയാണ്. അന്യായമായി രാവിലെ എഴുന്നേറ്റ് തണുപ്പിൽ വുളു ചെയ്ത് സുഖകരമായ ഉറക്കം ഉപേക്ഷിച്ച് പല തരത്തിലുള്ള സുഖങ്ങളേയും കളഞ്ഞ് നമസ്കരിക്കേണ്ടിവരുന്നു. യഥാർഥ കാര്യം എന്താണെന്നുവച്ചാൽ അവന് വൈമനസ്യമാണ്. അവന് അത് മനസ്സിലാക്കാൻ കഴിയില്ല. നമസ്കാരത്തിലുള്ള ആനന്ദത്തേയും രുചിയേയും കുറിച്ച് അവനറിയില്ല. പിന്നെങ്ങനെയാണ് അവന് നമസ്കാരത്തിൽ ആനന്ദം കൈവരിക."പറഞ്ഞു, ഒരു കള്ളുകുടിയനും മദ്യപാനിക്കും ലഹരികിട്ടുന്നില്ലെങ്കിൽ അതു ലഭിക്കുന്നതുവരെ അവൻ തുടരെത്തുടരെ കുടിച്ചുകൊണ്ടേപോകുന്നതാണ് ഞാൻ കാണുന്നത്. ബുദ്ധിമാനും സാത്വികനും ഇതിൽനിന്ന് ഫലമെടുക്കാവുന്നതാണ്.'(മദ്യപാനിയെകുറിച്ചുള്ള ഈ ഉപദേശവും ഒരു മാതൃകയാണ്. അതിൽനിന്നും ബുദ്ധിമാനായ ഒരു മനുഷ്യന് ഫലമെടുക്കാവുന്നതാണ്)'നമസ്കാരത്തിൽ സ്ഥിരതയുള്ളവനും നമസ്കരിച്ചുകൊണ്ടേ ഇരിക്കുന്നവനും' (എന്തുഫലമാണ് എടുക്കുക). (ആനന്ദം ഉണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ, തനിക്ക് ആനന്ദം ഉണ്ടാകണമെന്ന പരിശ്രമത്തിലായിരിക്കണം. അല്ലാഹുവിനോടു ദുആയും ചെയ്തുകൊണ്ടിരിക്കണം. കൃത്യമായി അനുഷ്ഠിക്കണം. നമസ്കരിച്ചുകൊണ്ടേപോകണം); അവന് ആനന്ദമുണ്ടാകുന്നതുവരെ. മദ്യപന്റെ മനസ്സിൽ ഒരു ലഹരി ഉണ്ടായിരിക്കുന്നതുപോലെ! അതു കരസ്ഥമാക്കുക എന്നതായിരിക്കും അവന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം. ഇപ്രകാരം മനസ്സിൽ എല്ലാ കഴിവുകളുടേയും ചായ്‌വ് നമസ്കാരത്തിൽ അവന് ആനന്ദം ലഭിക്കുക എന്നതായിരിക്കണം. പിന്നീട് ഒരു ആത്മാർഥതയോടും ആവേശത്തോടും കൂടി കുറഞ്ഞപക്ഷം ആ ലഹരിക്ക് അടിമയായവന്റെ അസ്വസ്ഥതയും പരിഭ്രമവും സങ്കടവുംപോലെ ആ രസാനുഭൂതി കരസ്ഥമാകുന്നതിന് ഒരു ദുആ ഉണ്ടാകണം." (ഒരു വിഷമം ഉണ്ടാകണം, ഒരു പരിഭ്രമം ഉണ്ടാകണം, അക്കാരണത്താൽ ദുആ ഉണ്ടാകണം). പറഞ്ഞു, ഞാൻ പറയുകയാണ്. സത്യം പറയുകയാണ്. തീർച്ചയായും തീർച്ചയായും ആ രസാനുഭൂതി ഉണ്ടാകുന്നതാണ്. നമസ്കരിക്കുന്ന സമയത്ത് അതിൽനിന്നുണ്ടാകുന്ന ഈ നേട്ടങ്ങൾ കരസ്ഥമാക്കുക എന്നതും പരിഗണനയിലുണ്ടാകണം. നന്മയും മുമ്പിലുണ്ടായിരിക്കേണ്ടതാണ്." പറഞ്ഞു, "ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയിആത്ത്(11:115) തീർച്ചയായും സൽക്കർമങ്ങൾ ദുഷ്ക്കർമങ്ങളെ അകറ്റിക്കളയുന്നു. അതുകൊണ്ട് ഈ സൽക്കർമങ്ങളേയും രസാനുഭൂതികളേയും മനസ്സിൽവെച്ചുകൊണ്ട് സിദ്ദീഖുകളുടേയും നന്മ ചെയ്യുന്നവരുടേയും നമസ്കാരം ലഭ്യമാകുന്നതിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്."(ഈ ദുആ ഉണ്ടാകേണ്ടതാണ്). പറഞ്ഞു, ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയിആത്ത്(11:115) തീർച്ചയായും സൽക്കർമങ്ങൾ ദുഷ്ക്കർമങ്ങളെ അകറ്റിക്കളയുന്നു എന്ന് പറഞ്ഞിട്ടുള്ളത് അല്ലെങ്കിൽ മറ്റൊരു സ്ഥലത്ത് നമസ്കാരം അസാന്മാർഗിക പ്രവർത്തികളിൽനിന്നും തിന്മകളിൽനിന്നും രക്ഷിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ചിലയാളുകൾ നമസ്കരിക്കുന്നുണ്ടായിട്ടും തിന്മകൾ ചെയ്യുന്നത് നമ്മൾ കാണുന്നു. (വലിയ നമസ്കാരക്കാരായിട്ടും ചിലയാളുകൾ തിന്മകൾ ചെയ്തുകൊണ്ടേ പോകുന്നത് ലോകത്ത് കണ്ടു വരുന്നു) അതിനുള്ള മറുപടി ഇതാണ്: അവർ നമസ്കരിക്കുന്നുണ്ട്. പക്ഷേ, ചൈതന്യത്തോടും സത്യസന്ധതയോടുംകൂടിയല്ല.(സത്യസന്ധതയോടുകൂടി, മനസ്സുവച്ച്, ആത്മാവിന്റെ ആഴത്തിൽച്ചെന്ന് നമസ്കരിക്കുന്നില്ല). അവർ ചടങ്ങും ശീലവുമെന്ന നിലയിൽ തലകുത്തുകയാണ്. അവരിലെ ആത്മാവ് ചത്തതാണ്. അല്ലാഹു അതിന്റെ പേര് ഹസനാത്ത് എന്നു വെച്ചില്ല. ഇവിടെ ഹസനാത്ത് എന്ന പദം വെച്ചിട്ടുള്ളത് അർഥം അതുതന്നെയാണെങ്കിലും അസ്സലാത്ത് എന്ന പദം വെക്കാതിരുന്നതിന് കാരണം നമസ്കാരത്തിന്റെ സവിശേഷതയിലേക്കും സൗന്ദര്യത്തിലേക്കും ഭംഗിയിലേക്കും സൂചന നല്കുകയും കൃപാവരത്തിന്റെ സ്വാധീനവും സത്യസന്ധതയുടെ ആത്മാവും ഉൾക്കൊള്ളുന്ന നമസ്കാരം ദോഷങ്ങളെ ദൂരീകരിക്കുകയും ചെയ്യുന്നു എന്നതാണ്. ആ നമസ്കാരം തീർച്ചയായും തീർച്ചയായും തിന്മകളെ അകറ്റുന്നതാണ്. നമസ്കാരം ഇരിപ്പിന്റേയും നില്പിന്റേയും പേരല്ല. നമസ്കാരത്തിന്റെ കാതലും ആത്മാവും എന്നു പറയുന്നത് ആനന്ദവും നിർവൃതിയും ഉൾക്കൊള്ളുന്ന ദുആയാണ്. (മൽഫൂദാത്ത് വാള്യം 1 പേജ് 162, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് നമസ്കാരത്തിന്റെ വിവിധ അവസ്ഥകളുടെ യുക്തിയും അതിന്റ ഏതൊരു സ്വാധീനമാണോ നമ്മളിൽ ഉണ്ടാകേണ്ടത് അതും വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഓർമിക്കുക, നമസ്കാരത്തിൽ 'ഹാലും ഖാലും' രണ്ടും കൂടിച്ചേരേണ്ടത് നിർബന്ധമാണ്. (നമസ്കാരത്തിലുണ്ടാകേണ്ടതായ അവസ്ഥയും അല്ലാഹുവിന്റെ മുമ്പിലാണ് നില്ക്കുന്നത്, അവനുമായി സംസാരിക്കുകയാണ് എന്ന ബോധവും ഉണ്ടായിരിക്കേണ്ടതാണ്). പറഞ്ഞു, 'ചിലസമയത്ത് വിവരം നല്കൽ പ്രതിരൂപപരമായിട്ടായിരിക്കുമുണ്ടാകുന്നത്.'(അതായത് ചിത്രപരമായ അവസ്ഥ ഉണ്ടാകുന്നു. എങ്ങനെയുള്ള രൂപമാണുണ്ടാകുന്നതെന്നാൽ അതിന് ചിത്രപരമായ രൂപം നല്കപ്പെടുന്നു.) പറയുന്നു: കാണുന്നവർക്ക് ഇന്നതാണ് അതിന്റെ ഉദ്ദേശ്യമെന്ന് മനസ്സിലാകുംവിധമുള്ള ചിത്രം കാണിക്കപ്പെടുന്നു. അതുപോലെയാണ് നമസ്കാരത്തിൽ ദൈവികേച്ഛയുടെ ചിത്രം ഉള്ളത്." (നമസ്കാരങ്ങൾക്ക് വിവിധ അവസ്ഥകളുണ്ട്. അതിൽ അല്ലാഹു മനുഷ്യനിൽനി

ന്ന് എന്താണ് ആഗ്രഹിക്കുന്നത്. അതിന്റെ ഒരു ചിത്രപരമായ മാതൃക സ്ഥാപിക്കപ്പെട്ടിരിക്കുന്നു.) പറഞ്ഞു, നമസ്കാരത്തിൽ നാവുകൊണ്ട് കുറച്ചു ചൊല്ലുന്നതുപോലെ അവയവങ്ങൾകൊണ്ട് കുറച്ചു പ്രവർത്തിച്ചു കാണിക്കുകയും ചെയ്യുന്നു.' (നമസ്കാരത്തിൽ നമ്മൾ വായകൊണ്ട് ചൊല്ലുന്നത് ആ വാക്കുകളോടൊപ്പം നമ്മുടെ ചലനങ്ങളും അത് പ്രകടിപ്പിക്കേണ്ടതാണ്.)പറഞ്ഞു: 'മനുഷ്യൻ നില്ക്കുകയും തഹ്മീദും തസ്ബീഹിം ചെയ്യുകയും ചെയ്യുമ്പോൾ അതിന് പേരുവെച്ചിട്ടുള്ളത് ഖിയാം എന്നാണ്. സ്തുതിയുടേയും പ്രശംസയുടേയും ഉചിതമായ അവസ്ഥ നില്ക്കൽതന്നെയാണെന്ന് എല്ലാവർക്കും അറിയുന്നതാണ്.' (മനുഷ്യൻ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നത് നിന്നുകൊണ്ടാണ്)പറഞ്ഞു: 'നോക്കുക! രാജാവിന്റെ മുമ്പിൽ കീർത്തനഗാനങ്ങൾ പാടുമ്പോൾ നിന്നുകൊണ്ടാണ് അവതരിപ്പക്കുന്നത്. ഇവിടെ ബാഹ്യമായ നിലയിൽ ഖിയാം വെച്ചിരിക്കുന്നു. അവിടെ നാവുകൊണ്ടുള്ള സ്തുതിയും പ്രശംസയും വെച്ചിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം ആത്മീയമായ നിലയിലും അല്ലാഹുവിന്റെ തിരുസന്നിധിയിൽ നില്ക്കുക എന്നാണ്.' (മുമ്പിൽ നില്ക്കുകയും ഫാത്തിഹാ അധ്യായം ഓതുകയും സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുമ്പോൾ ആത്മീയമായ നിലയിലും നിൽപ് അഥവാ ഖിയാം കാണേണ്ടതാണ്. മനസ്സിൽ അതിന്റെ സ്വാധീനമുണ്ടാകേണ്ടതാണ്). പറഞ്ഞു: 'സ്തുതി ഒരു കാര്യത്തിൽനിന്നുകൊണ്ടാണ് ചെയ്യപ്പെടുന്നത്. ആരാണോ സാക്ഷ്യപ്പെടുത്തുന്നവനായിക്കൊണ്ട് ആരെയെങ്കിലും സ്തുതിക്കുന്നത് അവൻ ഒരു അഭിപ്രായത്തിൽ നിലകൊള്ളുന്നവനായിത്തീരുന്നു.'(ആരെയെങ്കിലും സ്തുതിക്കുമ്പോൾ വ്യാജമായ സ്തുതി ഉണ്ടാകുകയില്ല. യഥാർഥ സത്യസന്ധനായ മനുഷ്യനാണെങ്കിൽ ആരെയെങ്കിലും സാക്ഷ്യപ്പെടത്തിക്കൊണ്ടു തന്നെയായിരിക്കും സ്തുതിക്കുക). അൽഹംദുലില്ലാഹ് എന്ന് പറയുന്നവന് അത്യാവശ്യമായിട്ടുള്ളത്, സത്യസന്ധമായ നിലയിൽ അവന് അൽഹംദുലില്ലാഹ് എന്ന് പറയാൻ കഴിയുന്നത് എല്ലാ തരത്തിലുള്ള സ്തുതിക്കും അർഹതപ്പെട്ടവൻ അല്ലാഹുവാണെന്ന് പൂർണമായ നിലയിൽ ദൃഢവിശ്വാസം അവനുണ്ടാകുമ്പോഴാണ്. (സർവവിധത്തിലുള്ള സ്തുതികളും അല്ലാഹുവിനാകുന്നു.) ഇക്കാര്യം വിശാലതയോടെ മനസ്സിൽ ഉണ്ടാകുമ്പോൾ ഇതാണ് ആത്മീയമായ ഖിയാം അഥവാ നിൽപ്.'(സർവ സ്തുതിയും അല്ലാഹുവിനാണെന്ന് മനസ്സിൽ പതിയുമ്പോൾ അവനായിരിക്കും സർവസ്തുതിക്കും അർഹൻ. അവനെയായിരിക്കണം സ്തുതിക്കേണ്ടത്. അവനല്ലാതെ സ്തുതിക്കർഹനായി മറ്റാരുമില്ല. വെറുതെ കൈയും കെട്ടി നില്ക്കുന്നത് ഖിയാമല്ല. പ്രത്യുത ആത്മീയ ഖിയാമാകുമ്പോഴാണ് യഥാർഥത്തിൽ ഖിയാം ആകുന്നത്)'കാരണം മനസ്സ് അതിൽ നില്ക്കുന്നു. അപ്പോഴാണ് നില്ക്കുന്നുവെന്ന് മനസ്സിലാക്കപ്പെടുന്നത്. ആത്മീയമായി നിൽപ് ലഭിക്കുന്നതിന് അവസ്ഥയ്ക്കനുസരിച്ച് നിന്നിരിക്കുന്നു). പിന്നീട് റുക്കൂയിൽ സുബ്ഹാന റബ്ബിയൽ അളീം എന്നു പറയുന്നു. ഒരാളുടെ മഹത്ത്വം സമ്മതിക്കുമ്പോൾ അവന്റെ മുമ്പിൽ കുനിയുന്നു എന്നത് നിയമപരമായ കാര്യമാണ്. മഹത്ത്വത്തിന്റെ തേട്ടമാണ് അവന് കുമ്പിടുക എന്നത്. അതുകൊണ്ട് സുബ്ഹാന റബ്ബിയൽ അളീം എന്നു നാവുകൊണ്ടു പറയുകയും അവസ്ഥകൊണ്ട് കുനിഞ്ഞു കാണിക്കുകയും ചെയ്തു."(അതായത് വായിൽനിന്ന് പുറപ്പെട്ട കാര്യത്തോടൊപ്പം അവസ്ഥയും ഉണ്ടായപ്പോൾ കുനിയേണ്ടിയിരുന്നു, കുനിയുകയും ചെയ്തു.)

'മൂന്നാമത്തെ വാക്യം സുബ്ഹാന റബ്ബിയൽ അഅ്‌ലാ എന്നതാണ്. അഅ്‌ലാ എന്നത് അതിവർണനയാണ്-അഫ്അൽ തഫ്ളീൽ. (ശ്രേഷ്ഠത നല്കുന്നതിനുള്ള കർമപരമായി രൂപം. അത് സജ്ദയുടെ അവസ്ഥയാണ്. ശ്രേഷ്ഠതയുടെ ഉന്നതമായ പ്രകടനമെന്ന് അർഥം). ഇത് സത്തകൊണ്ടുള്ള സുജൂദിനെ ആഗ്രഹിക്കുന്നു.' (അല്ലാഹുവിന്റെ ശ്രേഷ്ഠത വിവരിക്കുന്നതിന്, അവന്റെ പരിശുദ്ധി വിവരിക്കുന്നതിന്, പ്രതാപം വിവരിക്കുന്നതിന് ഉന്നതമായ പ്രകടനം ആഗ്രഹിക്കുന്നത് സജ്ദ ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ പൂർണമായും വീഴുക)അതുകൊണ്ട് അതിനോടൊപ്പം അവസ്ഥാപരമായ ചിത്രമെന്നു പറയുന്നത് സുജൂദിൽ വീഴുകയാണ്.' (അതായത് അല്ലാഹുവിന്റെ പരിശുദ്ധിയും അവൻ ഉന്നതനാകുന്നതും എല്ലാത്തിനെക്കാളും ശ്രേഷ്ഠത അവനാണെന്ന് സമ്മതിക്കുകയും ചെയ്യുമ്പോൾ അതിനോടൊപ്പം തറയിൽ നെറ്റിത്തടം മുട്ടിക്കുകയും ചെയ്തു. ഇത് അവന്റെ അധികാരമാണ്. അതിന്റെ പ്രകടനമാണ് ഈ അവസ്ഥ)'ഈ പറച്ചിലോനൊടപ്പം മൂന്നു ശാരീരികമായ അവസ്ഥയുമുണ്ട്. ഒരു ചിത്രം അവന്റെ മുമ്പിൽ സമർപിക്കപ്പെട്ടു. എല്ലാതരത്തിലുള്ള നിൽപും ചെയ്യപ്പെട്ടു. ശരീരത്തിന്റെ ഭാഗമായ നാവും പറയുകയും അത് ഭാഗഭാക്കാകുകയും ചെയ്തു. മൂന്നാമത്തെ കാര്യം വേറൊന്നാണ്. അത് ചേരുന്നില്ലെങ്കിൽ നമസ്കാരമാകുകയില്ല. അതെന്താണ്? അത് മനസ്സാണ്.' അതിന് അനിവാര്യമായിട്ടുള്ളത് മനസ്സിന്റെ നിൽപാണ്. യഥാർഥത്തിൽ അത് സ്തുതിക്കുന്നുണ്ടോ എന്ന് അല്ലാഹു ദൃഷ്ടിപതിപ്പിച്ച് നോക്കുന്നതാണ്. നിൽക്കുകയാണെങ്കിൽ ആത്മാവും നിന്നുകൊണ്ട് സ്തുതിക്കുന്നുണ്ടോ; ശരീരം മാത്രമല്ല. പ്രത്യുത ആത്മാവും നില്ക്കണം.'(അതായത് മനസ്സുകൊണ്ട്-അല്ലാഹു മനസ്സിലെ അവസ്ഥ അറിയുന്നു. ശരീരത്തോടൊപ്പം ആത്മാവും നിന്നുകൊണ്ട് സ്തുതിക്കുന്നുണ്ടോ, അല്ലെങ്കിൽ കുനിയുന്നുണ്ടോ അല്ലെങ്കിൽ സുജൂദ് ചെയ്യുന്നുണ്ടോ എന്ന് അവനറിയുന്നു.) സുബ്ഹാന റബ്ബിയൽ അളീം എന്നു പറയുമ്പോൾ മഹത്ത്വം സമ്മതിക്കുക മാത്രമല്ല, അതിനോടൊപ്പം കുനിയുകയും വേണം. അതിനോടൊപ്പം ആത്മാവും കുനിയണം. പിന്നീട് മൂന്നാമത്തെ കാഴ്ചയിൽ ദൈവസന്നിധിയിൽ സുജൂദിൽ വീണിരിക്കുന്നു. അവന്റെ ഉന്നതമായ പ്രൗഢി വായിച്ചെടുത്ത് അതിനോടൊപ്പും ആത്മാവും ദൈവസന്നിധിയിൽ വീഴുന്നുണ്ടോ എന്ന് നോക്കുക. ചുരുക്കം പറഞ്ഞാൽ ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം സംതൃപ്തരായിരിക്കരുത്.(അതിനോടൊപ്പം ആത്മാവും വീഴണം. അതായത് മനസ്സും അതേപോലെതന്നെ സുജൂദിൽ വീണിരിക്കണം.) ചുരുക്കം പറഞ്ഞാൽ ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം സമാധാനത്തോടെ ഇരിക്കരുത്. കാരണം യുഖീമൂനസ്സലാത്ത എന്നതിന്റെ അർഥം ഇതുതന്നെയാണ്. ഈ അവസ്ഥ ഉണ്ടാകുന്നത് എങ്ങനെയാണെന്ന് ചോദിക്കുകയാണെങ്കിൽ അതിന്റെ മറുപടി ഇത്രമാത്രമാണ്; നമസ്കാരം നിത്യശീലമാക്കുക. (നമസ്കാരം കൃത്യമായി അനുഷ്ഠിച്ചുകൊണ്ടിരിക്കുക). ദുർബോധനവും സന്ദേഹവുംകൊണ്ട് പരിഭ്രമിക്കാതിരിക്കുക. (നമസ്കരിക്കുമ്പോൾ ദുർബോധനങ്ങളും ഉണ്ടാകും. സംശയങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അവകൊണ്ട് പരിഭ്രമിക്കരുത്. മറിച്ച് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചുകൊണ്ടിരിക്കുക.) 'തുടക്കാവസ്ഥയിൽ സംശയങ്ങൾകൊണ്ടും സന്ദേഹങ്ങൾകൊണ്ടും ഒരു യുദ്ധം തീർച്ചയായും ഉണ്ടാകും.'(ആരംഭാവസ്ഥയിൽ സംശയങ്ങളും സന്ദേഹങ്ങളും ഉണ്ടാകും. ദുർബോധനങ്ങളുണ്ടാകും. അവയുമായി മനുഷ്യന് ഒരു പോരാട്ടം ഉണ്ടായിക്കൊണ്ടിരിക്കും. ശയ്ത്വാൻ ആക്രമിക്കുന്നു. ശയ്ത്വാനുമായി യുദ്ധം തുടർന്നുകൊണ്ടിരിക്കുന്നു). അതിന്റെ ചികിത്സയും ക്ഷീണിക്കാതെ സ്ഥൈര്യത്തോടും സഹനത്തോടുകൂടി ശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുക. അവസാനം ഞാൻ പറഞ്ഞ ആ അവസ്ഥ ഉണ്ടാകുകതന്നെ ചെയ്യുന്നതാണ്.'(മൽഫൂദാത്ത് വാല്യം 1 പേജ് 433-435, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് പതിവായി ചെയ്യൽ നിബന്ധനയാണ്. ഇത് മനുഷ്യനിലുണ്ടാകുകയാണെങ്കിൽ അല്ലാഹു ഓടി തന്റെ ദാസന്റെ അടുക്കലേക്ക് എത്തുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ ഫള്‌ലും ഉണ്ടാകുന്നു. പക്ഷേ, ഈ യാഥാർഥ്യം ഒരുപാടാളുകൾ മനസ്സിലാക്കുന്നില്ല. അവർ ധിറുതികൊണ്ട് അല്ലാഹുവിന്റെ പടിവാതിൽ വിട്ടു കളയുന്നു. അല്ലെങ്കിൽ അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നില്ല. പ്രാധാന്യം കുറച്ചാണ് കാണുന്നത്. ഭൗതികമായ ഓഫീസുകളിലേക്കും പിന്നീട് ഓടാൻ തുടങ്ങുന്നു.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പിന്നീട് പൊരുളറിഞ്ഞുകൊണ്ടുള്ള ഈ നമസ്കാരം ദുആ മുഖേനയാണ് ലഭിക്കുന്നതെന്ന കാര്യം സ്മരണാർഹമാണ്. അന്യ ദൈവങ്ങളോടു ചോദിക്കുക എന്നത് വിശ്വാസപരമായ അഭിമാനത്തിന് വ്യക്തമായും ശക്തമായും എതിരാണ്. കാരണം ദുആയുടെ ഈ നില അല്ലാഹുവിനുവേണ്ടിയുള്ളതാണ്. (പൊതുവായനിലയിൽ പരസ്പരം ഇടപാടുകൾ നടന്നുകൊണ്ടിരിക്കുന്നു. ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, അല്ലാഹുവുമായി മാത്രം ബന്ധപ്പെട്ട ചോദ്യം അല്ലാഹുവിനെ വിട്ടുകൊണ്ട് മറ്റുള്ളവരിൽനിന്ന് പ്രതീക്ഷ വെക്കുയും മറ്റുള്ളവരെ തിട്ടപ്പെടുത്തുകയും ചെയ്യുക എന്ന കാര്യം തെറ്റാണ്.) പറഞ്ഞു: 'മനുഷ്യൻ പൂർണമായ നിലയിൽ സൗമ്യനായിക്കൊണ്ട് അല്ലാഹുവിനോടുതന്നെ ചോദിക്കാത്തിടത്തോളം അവനോടുതന്നെ ഇരക്കാത്തിടത്തോളം യഥാർഥമായ നിലയിൽ അവൻ മുസ്‌ലിമെന്നും മുഅ്മിനെന്നും പറയാൻ അർഹനല്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. ഇസ്‌ലാമിന്റെ യാഥാർഥ്യംതന്നെ അവന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ ശക്തികളും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണുകിടക്കുന്നതാകുക എന്നതാണ്. ഒരു വലിയ എഞ്ചിൻ അതിനുള്ളിലുള്ള ധാരാളം ചെറിയ ചെറിയ ഭാഗങ്ങളെ ചലിപ്പിക്കുന്നതുപോലെ!"(അതിനുള്ളിലെ ധാരാളം ചെറിയ ചെറിയ ഭാഗങ്ങളെ ചലിപ്പിക്കുന്നു).'അതുകൊണ്ട് ഇതേ നിലയിൽ മനുഷ്യൻ തന്റെ എല്ലാ ജോലിയും എല്ലാ അനക്കമടക്കവും അതേ എഞ്ചിന്റെ വലിയ ശക്തിക്ക് വിധേയമാക്കാത്തിടത്തോളം അവനെങ്ങനെയാണ് അല്ലാഹുവിന്റെ ദൈവത്വത്തെ വിശ്വസിക്കാൻ കഴിയുന്നത്. ഇന്നീ വജ്ജഹത്തു വജ്ഹിയ ലില്ലദീ ഫത്വറസ്സമാവാത്തീ വൽ അർള് എന്ന് പറയുന്ന നേരത്ത് സ്വയമേവ തന്നെ ഋജുമാനസനെന്ന് പറയാൻ കഴിയുക? വായകൊണ്ടു പറയുന്നതുപോലെ അതിലേക്ക് ശ്രദ്ധയുമുണ്ടാകുമ്പോൾ ഒരു സംശയവുമില്ല അവൻ മുസ്‌ലിമാണ്, അവൻ മുഅ്മിനാണ്, ഋജുമാനസനുമാണ്."(വായ കൊണ്ടു പറയുന്നതുപോലെ അല്ലാഹുവിലേക്ക് ശ്രദ്ധയും ഉണ്ടാകുമ്പോൾ അവൻ മുസ്‌ലിമുമാണ്, അവൻ മുഅ്മിനുമാണ്, അവൻ ഋജുമാനസനുമാണ്, അവൻ ഏകദൈവ വിശ്വാസിയുമാണ്)'പക്ഷേ, ആരാണോ അല്ലാഹുവിനു പുറമെ മറ്റുള്ളവരോടു ചോദിക്കുന്നത്, അവിടെയും കുമ്പിടുന്നത്'(അതായത് ഒരു ഭാഗത്ത് അല്ലാഹുവിലേക്ക് കുനിയുന്നു അതിനോടൊപ്പം അല്ലാഹുവിന് പുറമെ മറ്റുള്ളവരുടെ മുമ്പിലും കുനിയുന്നു) 'അവൻ വലിയ ദൗർഭാഗ്യവാനും അനുഗ്രഹങ്ങളിൽനിന്ന് ഒഴിച്ചു നിറുത്തപ്പെട്ടവനുമാണെന്ന് ഓർക്കുക. അവന് പറഞ്ഞും പ്രദർശനപരമായ നിലയിലും അല്ലാഹുവിന്റെ മുമ്പിൽ കുനിയാൻ പറ്റാത്ത ഒരു നേരം വരാൻ പോകുന്നുവെന്നും ഓർക്കുക'(അതായത് പിന്നീട് അല്ലാഹു അവന്റെ പിന്നിലേക്ക് മാറിക്കളയുന്നു. അതിനുശേഷം ബാഹ്യമായ നിലയിലും കുമ്പിടാത്ത ഒരു സമയവും വന്നെത്തുന്നതാണ്.)പറഞ്ഞു, 'നമസ്കാരം ഉപേക്ഷിക്കുന്ന ശീലത്തിനും അലസതയ്ക്കും ഒരു കാരണം ഇതുംകൂടിയുണ്ട്. കാരണം മനുഷ്യൻ അന്യദൈവത്തിന്റെ മുമ്പിൽ കുമ്പിടുമ്പോൾ ആത്മാവിന്റേയും മനസ്സിന്റേയും ശക്തികൾ (തുടക്കത്തിൽ ശാഖകൾ ഒരു ഭാഗത്തേക്കാക്കുകയും അത് ആ ഭാഗത്തേക്ക് വളർന്നു വരികയും ചെയ്യുന്ന)മരംപോലെ അവിടേക്കുതന്നെ കുനിയുകയും അല്ലാഹുവിൽനിന്ന് ഒരു കഠിനതയും ബലപ്രയോഗവും അവന്റെ മനസ്സിൽ ഉണ്ടായി അതിനെ ഉറഞ്ഞതും കല്ലുമാക്കിത്തീർക്കുകയും ചെയ്യുന്നു." പറഞ്ഞു: (മരത്തിന്റെ ശാഖകൾ വലിച്ചുകെട്ടി ഒരുഭാഗത്തേക്ക് ആക്കിയാൽ അത് ആ ഭാഗത്തേക്കുതന്നെ വളർന്നു പോകുന്നു. അതുകൊണ്ട് മനുഷ്യനും പിന്നീട് മനുഷ്യരിലേക്ക് കുനിയുകയാണെങ്കിൽ പിന്നീട് മനുഷ്യരിലേക്കുതന്നെ നടന്നുപോകുന്നു. പിന്നീട് അല്ലാഹുവിൽനിന്നും അവന്റെ മനസ്സ് കഠിനമായിത്തീരുന്നു). പറഞ്ഞു: (ഒരു ഭാഗത്തേക്ക് കുനിയുന്ന) ആ ശാഖകൾക്ക് പിന്നീട് മറുഭാഗത്തേക്ക് തിരിയാൻ സാധിക്കാത്തതുപോലെ. ഇപ്രകാരം മനസ്സും ആത്മാവും നിത്യേന അല്ലാഹുവിൽനിന്ന് അകന്നകന്ന് പോകുന്നു. അതുകൊണ്ട് മനുഷ്യൻ അല്ലാഹുവിനെ വിട്ടുകൊണ്ട് മറ്റുള്ളവരോടു ചോദിക്കുക എന്നത് വലിയ ഭയാനകമായതും മനസ്സിനെ മരവിപ്പിക്കുന്നതുമായ കാര്യമാണ്. അതിനാൽ ഒന്നാമത് അത് സുസ്ഥിര ശീലമായി ആഴത്തിൽ നി

ലനില്ക്കുകയും അല്ലാഹുവിലേക്ക് മടങ്ങണമെന്ന ചിന്ത ഉണ്ടാകുകയും ചെയ്യുന്നതിന് നമസ്കാരം നിർബന്ധമായും അനുഷ്ഠിക്കേണ്ടത് വലിയ അത്യാവശ്യമായ കാര്യമാണ്. പിന്നീട് ഭൗതികതയെ പൂർണമായും വിച്ഛേദിക്കുന്ന അവസ്ഥയിൽ മനുഷ്യൻ ഒരു പ്രകാശത്തിന്റേയും ഒരു ആനന്ദത്തിന്റേയും അനന്തരാവകാശിയായിത്തീരുന്ന ആ സമയം മെല്ലമെല്ലെ വന്നെത്തുന്നതാണ്. ആദ്യമൊക്കെ പരിശ്രമിച്ച് നമസ്കരിക്കേണ്ടതായി വരുന്നു. അങ്ങനെ മെല്ലെ മെല്ലെ ശീലമുണ്ടായിക്കഴിയുമ്പോൾ ആത്മാർഥനായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടു പോകുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയായിത്തീരുന്നു. പറഞ്ഞു, 'ഞാൻ ഇക്കാര്യം വീണ്ടും താക്കീതോടുകൂടി പറയുകയാണ്. അഹോ കഷ്ടം! മറ്റു ദൈവങ്ങളിലേക്ക് മടങ്ങുന്നതിന്റെ ദോഷങ്ങൾ വിവരിക്കാനുള്ള വാക്കുകൾ എനിക്ക് കിട്ടിയില്ല. നേർച്ചനേർന്ന് ആളുകളുടെ അടുക്കൽപോയി വ്യാജപ്രശംസ ചെയ്യുന്നു. ഇക്കാര്യം അല്ലാഹുവിന്റെ അഭിമാനത്തെ ജ്വലിപ്പിക്കുന്നതാണ്. കാരണം ഇത് ജനങ്ങൾക്കുള്ള നമസ്കാരമാണ്. അല്ലാഹു അതിൽനിന്ന് അകലുകയും അതെടുത്ത് എറിഞ്ഞുകളയുകയും ചെയ്യുന്നു. ഞാൻ തടിച്ച വാക്കുകളിൽ അത് വിവരിക്കുകയാണ്. ഇക്കാര്യം നല്ലവണ്ണം മനസ്സിലാക്കാൻ പറ്റാത്ത കാര്യമല്ല. അന്യപുരുഷനുമായി തന്റെ ഭാര്യ വേഴ്ച നടത്തുന്നതു കാണുമ്പോൾ ആ ദുർവൃത്തയായ സ്ത്രീ നിർബന്ധമായും വധിക്കപ്പെടേണ്ടതാണെന്ന് അഭിമാനിയായ ഒരു പുരുഷന്റെ അഭിമാനം ആഗ്രഹിക്കുകയില്ലേ.'(ഇത്തരക്കാരായ ചിലരും ഉണ്ട്).അതിനാൽ 'ദാസത്വവും ദുആയും പ്രത്യേകമായും അതേ സത്തയുടെ നേരെ മുന്നിലാണ്.'(അതായത് ദാസത്വവും ദുആയും അല്ലാഹുവിനോടു മാത്രമായിരിക്കണം. എന്തുകൊണ്ടെന്നാൽ) 'മറ്റാരെയെങ്കിലും ആരാധ്യനാക്കുന്നത് അല്ലെങ്കിൽ വിളിച്ചു പ്രാർഥിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. നല്ലവണ്ണം ഓർത്തുകൊള്ളുക, വീണ്ടും നല്ലവണ്ണം ഓർത്തുകൊള്ളുക! അന്യ ദൈവങ്ങളുടെ മുമ്പിൽ കുനിയുന്നത് അല്ലാഹുവുമായിട്ടുള്ള ബന്ധം വിച്ഛേദിക്കലാണ്. നമസ്കാരമെന്നോ തൗഹീദെന്നോ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളുക- കാരണം തൗഹീദിന്റെ കർമപരമായ അംഗീകാരത്തിന്റെ പേരാണ്- നമസ്കാരം അനുഗ്രഹമില്ലാത്തതും നിഷ്പ്രയോജനവുമാകുന്നത് അതിൽ ഇല്ലായ്മയുടേയും വണക്കത്തിന്റേയും ആത്മാവും ഋജുവായ മനസ്സും ആകാത്തപ്പോഴാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 166-167, 1985 ലണ്ടൻ പതിപ്പ്)

തങ്ങൾ ധാരാളം കരഞ്ഞുവെന്ന് ചിലയാളുകൾ പറയുന്നു. ഒരുപാട് നമസ്കരിച്ചു. പക്ഷേ, ഒന്നും കിട്ടിയില്ല. അത്തരക്കാരുടെ സംസാരത്തിന് നെഗറ്റീവായി മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരയുന്നതും വിലപിക്കുന്നതുംകൊണ്ട് ഒന്നും കിട്ടുകയില്ലെന്ന ചിലയാളുകളുടെ വിചാരം തികച്ചും തെറ്റും നിരർഥവുമാണ്. അത്തരമാളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ സ്വാഭാവികമായ വിശേഷഗുണങ്ങളിലും നിയന്ത്രണാധികാരത്തിലും വിശ്വസിക്കുന്നില്ല. അവരിൽ യഥാർഥ ഈമാനുണ്ടെങ്കിൽ അങ്ങനെ പറയാൻ അവർ ധൈര്യപ്പെടുമായിരുന്നില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ എപ്പോഴെങ്കിലും ആരെങ്കിലും വരികയും അവൻ സത്യസന്ധമായ നിലയിൽ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു എപ്പോഴും അവന്മേൽ തന്റെ അനുഗ്രഹം ചൊരിഞ്ഞിട്ടുണ്ട്. ആരോ ഇപ്പറഞ്ഞത് തികച്ചും സത്യമാണ്:

ആശിഖ് കെഃ ശുദ് കെഃ യാർ ബഹാലിശ് നള്ർ നഃ കർദ്
ഏ ഖ്വാജഃ ദർദ് നീസ്ത് വഗർനഃ ത്വബീബ് ഹസ്ത്

(പ്രേമിയാക്കിയിട്ട് അവന്റെ അവസ്ഥയിലേക്ക് ശ്രദ്ധിക്കാത്ത പ്രേമഭാജനം ആരാണ്? അല്ലയോ സാഹിബേ! വേദനതന്നെയില്ല. ഡോക്ടറാണെങ്കിൽ ഇവിടെ ഉണ്ടുതാനും! അതായത് നിനക്ക് വേദനയുണ്ടെന്ന് പറയുന്നത് ശരിയല്ലെന്ന്)

'നിങ്ങൾ അവന്റെ തിരുസന്നിധിയിൽ പരിശുദ്ധ ഹൃദയവുമായി വരണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അവന് ചേർന്ന അവസ്ഥയിൽ നിങ്ങളെ ആക്കിത്തീർക്കണമെന്നതു മാത്രമാണ് നിബന്ധന.' (ഇത് വലിയൊരു കാര്യമാണ്. അവനോടുചേർന്ന അവസ്ഥ നിങ്ങൾ ഉണ്ടാക്കുക. അവൻ പറഞ്ഞതുപോലെ നടക്കുക)അല്ലാഹുവിന്റെ തിരുസന്നിധിയിൽ പോകാൻ അർഹനാക്കുന്ന ആ സത്യസന്ധമായമാറ്റം നിങ്ങളുടെ ഉള്ളിൽ കാണിക്കുക. ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, അല്ലാഹുവിൽ അത്യത്ഭുതകരങ്ങളായ ശക്തിപ്രഭാവങ്ങളാണുള്ളത്. അവനിൽ അളവറ്റ ഫള്ലുകളും ബർക്കത്തുകളുമാണുള്ളത്. എന്നാൽ, അവ കാണുന്നതിനും പ്രാപിക്കുന്നതിനും സ്നേഹത്തിന്റെ കണ്ണുകൾ ഉണ്ടാക്കുക.' (അല്ലാഹുവിനോടു സത്യസന്ധമായ സ്നേഹമുണ്ടാക്കുക) സത്യമായ സ്നേഹമാണെങ്കിൽ അല്ലാഹു ധാരാളം ദുആകൾ കേൾക്കുന്നു. സഹായിക്കുകയും ചെയ്യുന്നു.'(മൽഫൂദാത്ത് വാള്യം 1 പേജ് 352-353, 1985 ലണ്ടൻ പതിപ്പ്)

നമ്മുടെ കാര്യങ്ങൾ അല്ലാഹു കേൾക്കുംവിധം നമ്മുടെ അവസ്ഥ ആക്കിത്തീർക്കേണ്ട ആവശ്യമാണുള്ളത്. അല്ലാഹു കേൾക്കുന്നില്ല എന്ന് ആക്ഷേപം ഉന്നയിക്കുന്നവരിൽ ഭൂരിഭാഗവും അഞ്ചുനേര നമസ്കാരം പൂർണമായി നമസ്കരിക്കാത്തവരാണ്. ഭൗതികമായ എന്തെങ്കിലും ബുദ്ധിമുട്ടു വരുമ്പോഴാണ് നമസ്കാരത്തെ കുറിച്ച് അവർക്ക് വിചാരമുണ്ടാകുന്നത്. താൻ തീർച്ചയായും കേൾക്കുമെന്ന് അല്ലാഹു പറയുന്നു. പക്ഷേ, നിങ്ങളെന്റെ കല്പനകൾ പാലിച്ച് നടക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകൾ പാലിച്ചു നടക്കുന്നവരാണോ എന്ന് എല്ലാ ഓരോരുത്തരും പരിശോധിക്കുക. അല്ലാഹുവിന്റെ പേരിൽ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ, വിശുദ്ധ ഖുർആനിലെ 700 കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിന് ആദ്യം മറുപടി തരിക. (ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് വിശുദ്ധ ഖുർആനിൽ 700 കല്പന ഉണ്ടെന്ന് എഴുതിയിട്ടുണ്ട്). ഇക്കാര്യത്തിൽ മത്സരിക്കണമെങ്കിൽ അവിടേയും മത്സരം വരുന്നുണ്ട്. അങ്ങനെയായിരുന്നിട്ടും തന്റെ ദാസരുടെമേൽ കരുണ ചൊരിയുകയും അവരുടെ ഒരുപാട് കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. അവരുടെ ചില ദുആകൾ സ്വീകരിക്കുകയും ചെയ്യുന്നു. നമസ്കാരം കൃത്യമായ അനുഷ്ഠിക്കാത്ത ധാരാളമാളുകളുണ്ട്. പക്ഷേ, അവരുടെ ദുആകളും ചിലപ്പോൾ സ്വീകരിക്കുന്നുവെങ്കിൽ ഇത് അല്ലാഹുവിന്റെ ഔദാര്യമാണ്. എന്നല്ല അല്ലാഹു ദുആകളൊന്നും കൂടാതെതന്നെ തന്റെ മറ്റു സിഫത്തുകളനുസരിച്ച് അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നു. അതുകൊണ്ട് പരാതിപ്പെടാൻ ഒരു അവസരംതന്നെയില്ല. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതനുസരിച്ച് നമ്മുടെ ആരാധനകളേയും നമസ്കാരങ്ങളേയും മറ്റു നി ർബന്ധ കാര്യങ്ങളേയും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'മനുഷ്യൻ സമ്പൂർണമായ നിലയിൽ തൗഹീദിൽ നിലകൊള്ളുന്നവനാകാത്തിടത്തോളം അവനിൽ ഇസ്ലാമിനോടുള്ള സ്നേഹവും അതിന്റെ മഹത്ത്വവും നിലനില്ക്കുകയില്ല.' പറഞ്ഞു: 'നമസ്കാരത്തിന്റെ അനുഭൂതിയും ആനന്ദവും അവന് ലഭിക്കുകയില്ല. ചീത്തയായ തീരുമാനങ്ങളും അവിശുദ്ധവും മലിനവുമായ പദ്ധതികളും ഭസ്മമാകാത്തിടത്തോളം അഹങ്കാരവും അഹന്തയും അകന്ന് എളിമയും വിനയവും വരാത്തിടത്തോളം ദൈവത്തിന്റെ യഥാർഥ ദാസനെന്ന് പറയപ്പെടുകയില്ല." പറയുന്നു: 'ദാസത്വത്തിന്റെ സമ്പൂർണത പഠിപ്പിക്കുന്നതിനുവേണ്ടി ഉന്നതനായ അധ്യാപകനും ശ്രേഷ്ഠമായ മാർഗവും നമസ്കാരംതന്നെയാണ്." ശരിയായ സമ്പൂർണ ദാസത്വം കരസ്ഥമാക്കണമെങ്കിൽ, അത് പഠിപ്പിക്കുന്ന ഉന്നതനായ ഉസ്താദ് നമസ്കാരമാണ്. അവിടന്ന് പറഞ്ഞു: ഞാൻ വീണ്ടും നിങ്ങൾക്കു പറഞ്ഞുതരികയാണ്, അല്ലാഹുവിനോടു സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും നിലനിറുത്താൻ ആഗ്രഹിക്കുന്നെങ്കിൽ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. എങ്ങനെയെന്നാൽ, നിങ്ങളുടെ ശരീരം നിങ്ങളുടെ നാവു മാത്രമല്ല മറിച്ച് നിങ്ങളുടെ ആത്മാവിന്റെ വിചാരങ്ങളും വികാരങ്ങളുമെല്ലാം പൂർണമായും നമസ്കാരമായിത്തീരണം."(മൽഫൂദാത്ത് വാള്യം 1 പേജ് 170, 1985 ലണ്ടൻ പതിപ്പ്)

നമ്മുടെ ആത്മാവും നമ്മുടെ വികാരവിചാരങ്ങളും നമസ്കാരത്തിനോടുള്ള കടമ നിറവേറ്റുന്ന വരായിത്തീരുംവിധം നമ്മുടെ നമസ്കാരത്തെ സംരക്ഷിക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം കറാച്ചി ജമാഅത്തിന്റെ മുൻ അമീറായിരുന്ന പരേതനായ ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ ഭാര്യ അസ്ഗറ ബീഗം സാഹിബയുടെ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. 2016 മാർച്ച് 27-ന് അമേരിക്കയിൽ ഹ്രസ്വമായ രോഗത്തിനുശേഷം 90-ാം വയസ്സിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1943-ൽ ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബുമായി അവരുടെ നിക്കാഹ് നടന്നു. തന്റെ ഭർത്താവിനെക്കാൾ മുമ്പേ 1944-ൽ ലാഹോറിൽ അവർ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കൈയിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. സത്യസന്ധതയോടും നിർമലതയോടുംകൂടി ഖിലാഫത്തിനോടു തന്റെ ബയ്അത്ത് പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് ജീവിച്ചു. ഖിലാഫത്തിനോടു ബന്ധപ്പെട്ടിരിക്കണമെന്ന് തന്റെ മക്കളേയും എപ്പോഴും ഉപദേശിച്ചുകൊണ്ടിരുന്നു. ഖിലാഫത്തിനെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നു. എം.ടി.എ ആരംഭിച്ചപ്പോൾ അതുകാണുകയെന്നത് അവരുടെ ഏറ്റവും പ്രിയപ്പെട്ട പ്രവർത്തിയായിരുന്നു. പരേത മൂസിയയായിരുന്നു. അങ്ങേയറ്റം ക്ഷമിക്കുന്നവരും നന്ദികാണിക്കുന്നവരും ദുആ ചെയ്യുന്നവരും തഹജ്ജുദ് നമസ്കരിക്കുന്നവരും നോമ്പ് പിടിക്കുന്നവരും നമസ്കരിക്കുന്നവരുമായിരുന്നു. നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഭർത്താവിന് കറാച്ചിയിൽ സേവനം ചെയ്യാൻ അവസരം കിട്ടിയപ്പോൾ തന്റെ ഭത്താവിനോടൊപ്പം തോളോടു തോൾ ചേർന്ന് അവരും ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരുന്നു. അതിഥി സൽക്കാരം എടുത്തുപറയത്തക്ക വിശേഷ ഗുണമായിരുന്നു. ശേയ്ഖ് സാഹിബ് കറാച്ചി ജമാഅത്തിന്റെ അമീറായിരുന്നപ്പോൾ ഇവർക്ക് വലിയ തിരക്കായിരുന്നു. അക്കാലത്ത് അതിഥി സൽക്കാരവും അതിൽ വലുതായിരുന്നു. അതിനോടുള്ള കടമയും അവർ നല്ലവണ്ണം നിറവേറ്റി. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ), ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹി) ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് എന്നിവർക്ക് ആതിഥ്യമരുളാൻ അവർക്ക് തൗഫീഖ് കിട്ടി. സാമ്പത്തിക ത്യാഗത്തിലും മുമ്പിലായിരുന്നു.1950-ൽ ഒരുകാലത്ത് ജമാഅത്തിന് സാമ്പത്തികമായ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. ആ സമയത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ധനത്യാഗത്തിന് പ്രത്യേകം ആഹ്വാനം ചെയ്തിരുന്നു. അതിൽ പരേതയുടെ ഭർത്താവ് ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ് തന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്തുകൊണ്ടിരുന്നു. ഇവരും അദ്ദേഹത്തിനോടൊപ്പം കൃത്യമായും ഉണ്ടായിരുന്നു. അങ്ങേയറ്റം ലളിതമായ ജീവിതമായിരുന്നു. ജാഡകളിൽനിന്നൊക്കെ മുക്തയായിരുന്നു. അവരുടെ മകൻ എഴുതുന്നു: മിക്കപ്പോഴും ഖലീഫത്തുൽമസീഹിന് കത്തെഴുതാൻ കുട്ടികളെ ഉപദേശിച്ചുകൊണ്ടിരുന്നു. അഞ്ചു ആമൺമക്കളേയും രണ്ടു പെൺമക്കളേയും 43 ദൗഹിത്രന്മാരേയും ദൗഹിത്രിമാരേയും പൗത്രന്മാരേയും പൗത്രിമാരേയും വിട്ടുംകൊണ്ടാണ് പരേത വിട പറഞ്ഞുപോയത്. അവരുടെ ഒരു മകൻ ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ് അമേരിക്കൻ ജമാഅത്തിന്റെ നായിബ് അമീറാണ്. നമ്മുടെ വെബ്സൈറ്റായ അൽഇസ്ലാമിന്റെ ഇൻചാർജുമാണ്. ഇപ്രകാരംതന്നെ അവരുടെ ജാമാതാവ് റഹ്മാനീ സാഹിബ് ഇവിടെയാണ് താമസിക്കുന്നത്. ദീർഘകാലം സെക്രട്ടറി വസിയ്യത്തുമായിരുന്നു. അവരുടെ ഭാര്യ ജമീല റഹ്മാനിയും അവരുടെ ഹൽഖയിലെ സെക്രട്ടറിമാലും മറ്റു സേവനങ്ങളും ചെയ്തുകൊണ്ടിരുന്നു. അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നു. ഒരു മകൻ ഫർഹത്തുല്ലാഹ് ശേയ്ഖ് സാഹിബ് പാക്കിസ്താനിലെ ഫയ്സലബാദിലെ നായിബ് അമീറാണ്. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കളേയും തലമുറകളേയും ജമാഅത്തും ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിറുത്തുമാറാകട്ടെ.

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 19 May 2016 Issue-11

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# അമീറുൽമുഅ്മിനീനും മുഅ്മിനീംകളും

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച

**മൗലവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) ഒരു ഖുത്ബയിൽ ജമാഅത്തംഗങ്ങളുടെ ആത്മാർഥതയും കൂറും വിവരിച്ചുകൊണ്ടു പറഞ്ഞു: “ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന ഒരു സ്നേഹിതന്റെ കത്ത് കിട്ടി. അദ്ദേഹം പറയുന്നു, “ബ്രിട്ടനിലെ ആളുകൾ നോക്കുകയില്ലെന്നോ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയില്ലെന്നോ ഉള്ള ചിന്ത എനിക്കില്ല. ഒരിക്കലും അങ്ങനെയൊരു ചിന്ത ഉണ്ടായിട്ടുമില്ല. തന്റെ ആശങ്ക അദ്ദേഹം പഞ്ചാബിയിൽ പ്രകടിപ്പിച്ചത്, കഹീ ആപ് കൊ “മൽ ഹി നഃ ലേ’ എന്നാണ്. എനിക്കുള്ള ഭയം അങ്ങയെ അവർ കൈവശപ്പെടുത്തിക്കളയുമോ എന്നതാണ്........ ഇതു വളരെ ഉദാത്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. ഞാനിദ്ദേഹത്തോടു പറയുകയാണ്, എല്ലാ പാക്കിസ്ഥാൻവാസികളോടും പറയുകയാണ്, പ്രത്യേകിച്ചും റബ്വയിലെ ദർവേശുമാരോടു പറയുകയാണ്, ഞാൻ കൈവശപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എന്റെ ജീവിതം, എന്റെ ഇരുപ്പും എഴുന്നേല്ക്കലും, എന്റെ ജീവിതവും എന്റെ മരണവും നിങ്ങളോടൊപ്പമാണ്. അല്ലാഹുവിന്റെ വഴിയിൽ പ്രയാണം ചെയ്യുന്ന ദർവേശുമാരുടെ സ്നേഹത്തെ ഞാൻ മറക്കുക എന്നത് അസംഭാവ്യമാണ്. ലോകത്തുള്ള ഒരു ശക്തിയ്ക്കും എന്റെ ഹൃദയത്തിലുള്ള ഈ സ്നേഹത്തെ നുള്ളിപ്പറിച്ചെടുക്കാൻ സാധ്യമല്ല. ലോകത്തുള്ള കണ്ണഞ്ചിപ്പിക്കുന്ന ഒരു വസ്തുവിനും ഭൗതികമായ ഒരു അനുഗ്രഹത്തിനും എന്റെ ദൃഷ്ടിയെ നിങ്ങളിൽനിന്നെടുത്ത് തങ്ങളിൽ സ്ഥാപിക്കാൻ സാധ്യമല്ല. അല്ലാഹുവിനിഷ്ടപ്പെട്ട ലക്ഷക്കണക്കിന്നാളുകളുണ്ട്. ഞാനവരെ സ്നേഹിക്കുന്നുമുണ്ട്. ലക്ഷക്കണക്കിനിഷ്ടപ്പെടുന്നവരുമുണ്ട്; അല്ലാഹുവിൽനിന്ന് ഞാൻ ഈ സ്ഥാനത്ത് അവരോധിതനായിരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ നിങ്ങളെപ്പോലെ തങ്ങളുടെ ഇമാമിനേയും എന്നെയും സ്നേഹിക്കുന്നവരുണ്ട്. പക്ഷേ, ആ എല്ലാ സ്നേഹങ്ങളും അതിന്റെ സ്ഥാനത്തു ശരിതന്നെ. എന്നാൽ, അല്ലയോ റബ്വയിലെ പരിശുദ്ധരായ ദർവേശുമാരേ! അല്ലാഹുവിനുവേണ്ടി പീഢനങ്ങൾ ഏറ്റുവാങ്ങുന്ന അവന്റെ വീട്ടിലെ ഫക്കീറുമാരേ! നിങ്ങളുടെ സ്നേഹത്തിനു വേറിട്ടൊരു സ്ഥാനമാണുള്ളത്. അതിന് അത്യത്ഭുതകരമായൊരു തേജോവിലാസമാണുള്ളത്. അതിനെ ചെറുക്കാൻ ലോകത്താർക്കും സാധ്യമല്ല. ഒരു പദ്യശകലം എനിക്കോർമ വരുന്നു. ഒരുപക്ഷേ, അതുകൊണ്ട് എന്റെ മനസ്സിലുള്ളതു നിറവേറ്റപ്പെടും. ഒരു കവി പറഞ്ഞു:

ഹം ജിസ് പർ മർ രഹെ ഹൈ
വൊ ഹെ ബാത് ഹി കുച്ഛ് ഔർ
തുംസെ ജഹാൻ മെ ലാഖ് സഹി
തും മഗർ കഹാൻ

നമ്മൾഏതൊരുത്തനുവേണ്ടി മരിച്ചുകൊണ്ടിരിക്കുന്നുവോ, അക്കാര്യം ഒന്നു വേറെതന്നെയാണ്. ലക്ഷക്കണക്കിന്നാളുകൾ ലോകത്തുണ്ടെന്നത് ശരിതന്നെ, എന്നാൽ നിങ്ങളുടെ സ്ഥാനം അവർക്കെവിടെ? (ഖുത്ബാത്തെ ത്വാഹിർ വാള്യം 3, പേജ് 531,532)

ഹ്ദറത്ത് മിർസാ നാസ്വിർ അഹ്മദ് ഖലീഫത്തുൽമസീഹ് ഥാലിഥ് (റഹ്) പറയുന്നു: “1967-ൽ ഡന്മാർക്കിലെ കോപ്പൻഹേഗ് എന്ന സ്ഥലത്ത് കുറച്ചു പാതിരിമാർ എന്നെ കാണാൻ വന്നു. അവരിലൊരാൾ എന്നോടു ചോദിച്ചു, “അഹ്മദിയ്യാ ജമാഅത്തിൽ താങ്കളുടെ സ്ഥാനമെന്താണ്?’ ഞാനയാളോടു പറഞ്ഞു, “താങ്കളുടെ ചോദ്യം ശരിയല്ല. കാരണം ഞാൻ മനസ്സിലാക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും അഹ്മദിയ്യാ ജമാഅത്തും ഒരേയൊരു വസ്തുവിന്റെ രണ്ടു പേരുകളാണ്. അതായ തു ഖലീഫയും ജമാഅത്തും ചേർന്ന് ഒരു അസ്തിത്വമായിമാറുന്നു. അതുകൊണ്ടു ജമാഅത്തിന്റെ ദുഃഖങ്ങൾ അകറ്റുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രവർത്തിയാണ്; അദ്ദേഹം നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുക എന്നതാണ്.’

“ആഴ്ചകളോളം നിങ്ങൾക്കുവേണ്ടി രാത്രി ഉറക്കമിളച്ചിരുന്ന് പ്രാർഥിക്കുന്ന അവസ്ഥകളും ഖലീഫയ്ക്കുണ്ടാകാറുണ്ട്. 1974-ൽ ഇങ്ങനെ പ്രാർഥിക്കേണ്ടതായ അവസ്ഥ വന്നു. ആ ഘട്ടത്തിൽ രണ്ടു മസത്തോളം അല്പംപോലും ഉറങ്ങിയിരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. മാസങ്ങളോളം പ്രാർഥനയിൽ കഴിച്ചുകൂട്ടി. ഖലീഫ എന്നു പറയുന്നത് നിങ്ങളുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്. നിങ്ങളുടെ സന്തോഷങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്.” (അൽഫദ്ൽ ദിനപത്രം 21-05-1978)

ജമാഅത്തിനോടു തനിക്കുള്ള സ്നേഹം വിവരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) പറയുന്നു: “ഇതിനു പുറമെ സ്നേഹിതന്മാർ വ്യക്തിപരമായി അക്കാലത്തു അനുഭവിച്ച ആ കാഠിന്യങ്ങളെല്ലാം എന്റെ നെഞ്ചിൽ ഒരുമിച്ചുകുടി കട്ടപിടിച്ചിരുന്നു. ആ നാളുകളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് രാത്രി മുഴുവൻ ഒരു മിനിറ്റുപോലും ഉറങ്ങാതെ സ്നേഹിതന്മാർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്ന രാത്രികളും ഉണ്ടായിട്ടുണ്ട്. സഹോദരന്മാരോടു എന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർഥിക്കാൻ ഞാൻ അപേക്ഷിക്കുകയാണ്. അല്ലാഹു ഈ സാധുവിന്റെ ചുമലിൽ ഇട്ടിട്ടുള്ള ഉത്തരവാദിത്തങ്ങൾ അവന്റെ അനുഗ്രഹംകൊണ്ട് നല്ല നിലയിൽ നറവേറ്റുന്നതിന് സൗഭാഗ്യം കിട്ടാൻ പ്രാർഥിക്കുക; നമുക്കൊരുമിച്ച് ആ ചുമതലകൾ നിറവേറ്റാൻ കഴിയുമാറാകുന്നതിനുവേണ്ടി പ്രാർഥിക്കുക. കാരണം എന്റെ നോട്ടത്തിൽ എന്റേയും ജമാഅത്തംഗങ്ങളുടേയും അസ്തിത്വങ്ങൾ തമ്മിൽ ഒരുവിവേചനവുമില്ല, ഒരു വ്യത്യാസവുമില്ല. നമ്മൾ ഇരുവരും “ജമാഅത്തിന്റെ ഇമാമും ജമാഅത്തും’ ഒരേയൊരു അസ്തിത്വത്തിന്റെ രണ്ടു പേരുകളാണ്. ഒരേയൊരു വസ്തുവിന്റെ രണ്ടു വ്യത്യസ്ത കോണുകളാണ്. വാഗ്ദത്ത മഹ്ദി മുഖേന ഹ്ദറത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ദീൻ വിജയിക്കുമെന്നുള്ള സുവിശേഷങ്ങളുടെ മിന്നലാട്ടം നമ്മുടെ ജീവിതത്തിൽ നമുക്ക് കാണാൻ അല്ലാഹു സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ.” (അൽഫ്ദൽ ദിനപത്രം 1976 ഏപ്രിൽ 17)

## തർബിയ്യത്ത് ക്ലാസ്സ്

**കോഴിക്കോട്:** കോഴിക്കോടു അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ കാരപ്പറമ്പ് ശാഖയുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ് സംഘടിപ്പിച്ചു. 15-5-2016 ഞായറാഴ്ച രാവിലെ 10.30 ന് മൗലവി അൻവർ അഹ്മദ് സാഹിബിന്റെ തിലാവത്തോടെ പരിപാടിക്കു തുടക്കം കുറിച്ചു. ജില്ല അമീർ അഹ്മദ് കോയ സാഹിബ് ക്ലാസ്സ് ഉൽഘാടനം ചെയ്തു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴ നബി(സ)തിരുമേനിയുടെ വൈവാഹിക ജീവിതം എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. ഇൻചാർജ് മുബല്ലിഗ് മൗലവി മുഹമ്മദ് ആരിഫ് സാഹിബ് ഹ്രസ്വഭാഷണം നടത്തി. ഹൽഖ സ്വദ്ർ ബിച്ചുകോയട്ടി സാഹിബ് അധ്യക്ഷനായി. അമീർ സാഹിബിന്റെ ദുആയോടെ പരിപാടികൾ സമാപിച്ചു.

## വാഗ്ദത്ത മഹ്ദീ മസീഹിന്റെ സ്നേഹനിർഭരമായ ദുആ

റബ്ബി ഇന്നക്ക ജന്നത്തീ വ റഹ്മത്തുക്ക ജുന്നത്തീ
വ ആയാത്തുക്ക ഗദാഉൗ വ ഫിഅ്ലുക്ക രിദാഉൗ

എന്റെ റബ്ബേ! നീ എന്റെ സ്വർഗമാണ്. നിന്റെ കാരുണ്യം എന്റെ പരിചയാണ്. നിന്റെ ദൃഷ്ടാന്തങ്ങൾ എന്റെ ഭക്ഷണമാണ്. നിന്റെ കർമം എന്റെ പുതപ്പാണ്(ഹഖീഖത്തുൽ വഹ്യ്)

**ത്വാലിബെ ദുആ: പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## അല്ലാഹു ഹൃദയത്തിലേക്ക് നോക്കുന്നു

നബി(സ)പറഞ്ഞു: തീർച്ചയായും അല്ലാഹു നിങ്ങളുടെ സൗന്ദര്യമോ ശരീരപ്രകൃതിയോ അല്ല പരിഗണിക്കുന്നത്. എന്നാൽ, നിങ്ങളുടെ ഹൃദയങ്ങളിലേക്കത്രെ അവന്റെ നോട്ടം.

**ത്വാലിബെ ദുആ : അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin